# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2025 APRIL | Registered Newspaper, Reg. No. KERMAL/2008/24745 | VOL.18 ▪ No.04



EDITORIAL BOARD

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Dr. Fr. Chacko Puthenparembil**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| 04 | എഡിറ്റോറിയൽ |
| 06 | രൂപതാകാര്യാലയത്തിൽ നിന്ന് |
| 07 | സർക്കുലർ |
| 11 | ഈസ്റ്റർ പ്രത്യാശയുടെ പുതുപുലരി |
| 15 | യേശുവിന്റെ സ്ത്രീകൾ |
| 18 | ബി.ബി.സി. കമ്മീഷൻ വചസ്സ് |
| 20 | പൈതൃകസംരക്ഷണം |
| 22 | ഇടവക വാർത്തകൾ |
| 30 | വി.എസ്.എസ്.എസ്. വാർത്തകൾ |




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at **Good Shepherd Press**, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial

# ഉത്ഥിതനിലൂടെ ഉത്ഥിതരാകാം



ഏപ്രിൽ മാസം 20-ാം തീയതി നമ്മുടെ ആരാധനാവത്സരത്തിലെ ഏറ്റവും പ്രധാന തിരുനാളായ ഈസ്റ്റർ നാം കൊണ്ടാടുകയാണ്. ഈ തിരുനാൾ ആഘോഷിക്കാൻ വേണ്ടിയാണ് വിഭൂതി ബുധനിൽ തുടങ്ങിയ തപസുകാലത്തിലൂടെ നാം ഒരുമിക്കാനിരുന്നത്. നമ്മുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും അടിസ്ഥാനമായ യേശുവിന്റെ ഉത്ഥാനത്തിന്റെ ആഘോഷമാണ് ഈസ്റ്റർ. പാപത്തെ ഹനിച്ച്, സാത്താനെ തോല്പിച്ച് മരണത്തെയും ജയിച്ച് മനുഷ്യരക്ഷ സാധിച്ച യേശുവിന്റെ ഉത്ഥാനം. ആ ആഘോഷത്തിനു മുന്നോടിയായി 40ദിവസത്തെ ഉപവാസത്തിലൂടെ നാം പശ്ചാത്താപിച്ച് മാനസാന്തരപ്പെട്ടു. ജീവിത നവീകരണം നേടി. പീഡാനുഭവ ഞായറിൽ യേശുവിനെ ഓശാന പാടി എതിരേറ്റു. പെസഹാ വ്യാഴാഴ്ച യേശുവിനോടൊത്ത് അന്ത്യത്താഴ വിരുന്ന് അനുഭവിച്ച് ഇസ്രയേൽ ജനത്തോടു ചേർന്ന് പെസഹാ അനുഷ്ഠിച്ചും ദുഃഖവെള്ളിയിൽ യേശുവിന്റെ പീഡാനുഭവത്തിലും മരണത്തിലും പങ്കുചേർന്നു. വലിയ ശനിയാഴ്ച പെസഹാജഗരമനുഷ്ഠിച്ച് ഉത്ഥാനത്തിന്റെ ആചരണത്തിലേക്കും അനുഭവത്തിലേക്കും ആഘോഷത്തിലേക്കും കടന്നുവന്നു. യേശുവിൽ മനുഷ്യരക്ഷ സാധിതമാക്കാൻ ദൈവം മരിച്ചു. അപ്പോൾ അവനിൽ മനുഷ്യൻ ഉയിർത്തു. യേശു ഉത്ഥാനം

ചെയ്യത് നമുക്കെല്ലാം ഉത്ഥാനത്തിന്റെ പ്രത്യാശയും ഉയിർപ്പും ഏകാനും ഉത്ഥാനാനുഭവത്തിലേക്ക് നമ്മെ ആനയിക്കാനും വേണ്ടിയാണ്. നാമിനി പാപത്തിന്റെയും രോഗത്തിന്റെയും വിരോധത്തിന്റെയും ആസക്തിയുടെയും ഭയത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും അടിമത്തത്തിൽ കഴിയേണ്ടവരല്ല. ഉത്ഥിതനിലൂടെ ഉത്ഥിതരായി ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ സ്നേഹത്തിലും സമാധാനത്തിലും സംതൃപ്തിയിലും സന്തോഷത്തിലും പ്രത്യാശയോടെ ധീരതയോടെ മുന്നേറേണ്ടവരാണ്. യേശുവിന്റെ ഉത്ഥാനം ഒരു പൂർണ്ണതയാണ്. മനുഷ്യാവതാരത്തിന്റെ പൂർണ്ണത. ദൈവ സ്നേഹത്തിന്റെ പൂർണ്ണത. മനുഷ്യരക്ഷയുടെ പൂർണ്ണത. എന്നാൽ അന്ത്യമല്ല. ആരംഭമാണ്. നമ്മുടെ ജ്ഞാനസ്നാനാനുഭവത്തിൽ ആരംഭിച്ച് ദിവ്യബലിയർപ്പണ ത്തിലൂടെ മുന്നേറി തിരുസഭാ കൂട്ടായ്മയിലൂടെ നിത്യ ജീവനിലെത്തുന്ന വിശ്വാസ ജീവിതയാത്രയുടെ ആരംഭം.

ഈസ്റ്റർ സമുചിതമായി ആഘോഷിച്ചുകൊണ്ട് നമുക്ക് ഉത്ഥിതനെ കണ്ടുമുട്ടാം. ഉത്ഥാനം അനുഭവിക്കാം. ഉത്ഥിതമായി ജീവിക്കാം, ഉത്ഥിതന് സാക്ഷ്യം വഹിക്കാം. ഉത്ഥാനാനുഭവം ഏവർക്കും എവിടെയും പകർന്ന് ജീവിതത്തിൽ മുന്നേറാനും ശ്രദ്ധിക്കാം.

ഉത്ഥിതന്റെ സമാധാനവും സന്തോഷവും ജീവനും സ്നേഹവും അനുഗ്രഹവും ഐശ്വര്യവും ഏവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

---

## ജന്മദിനാശംസകൾ




**ഏപ്രിൽ**

04. ഫാ. ഫെലിക്സ് പുറത്തേപ്പറമ്പിൽ
06. ബിഷപ്പ് ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ
10. ഫാ. മാത്യു സോജൻ കല്ലേൽ
13. ഫാ. ജോസഫ് കാലായിൽ
15. ഫാ. ജോസഫ് പൂവത്തുങ്കൽ
18. ഫാ. പോൾ സജി ചാലാവീട്ടിൽ
23. ഫാ. റൊണാൾഡ് പുത്തൻപറമ്പിൽ
24. ഫാ. ആൽബർട്ട് കുമ്പളോലിൽ

**ഏവർക്കും ഈസ്റ്റർ ആശംസകൾ...**

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS AND TRASFERS

1. **Rev. Fr. Joseph (Benchemin) Thalakkotuchalil** is appointed as the parish priest-in-charge of St. Jude's Church, Kallar- Vattiyar.
2. **Rev. Fr. Antony Raj Kannisser** is transferred from St. Jude's Church, Kallar- Vattiyar and is appointed as the Parish Priest of St. Jospeh's Church, Guderle.
3. **Rev. Fr. Rajan George** is relieved from his responsibility as the Parish Priest of Guderle.

---



സാധാരണ ജൂബിലി വർഷത്തോടനുബന്ധിച്ച് മുണ്ടക്കയം ഫൊറോനയിലെ വൈദികരും സന്യസ്തരും മൂന്നാർ മൗണ്ട് കാർമ്മൽ ബസലിക്ക സന്ദർശിച്ചു.

Diocese of Vijayapuram

CIRCULAR LETTER

Vol. XIX • No.1 • March 2025

## പരിശുദ്ധമായ തപസ്സ് കാലത്തിലേക്ക് നമുക്കു പ്രവേശിക്കാം

ഈശോയിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, സന്യസ്തരേ, വന്ദ്യ വൈദികരേ, വാത്സല്യം നിറഞ്ഞ കുഞ്ഞുമക്കളേ,

2025 ജൂബിലി വർഷത്തിലായിരിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം ആസന്നമായിരിക്കുന്ന തപസുകാലം അതിശ്രേഷ്ഠമായി കരുതാനും ഫലഭുയിഷ്ടമാകാനും നമുക്കു ലഭിച്ചിരിക്കുന്ന അസുലഭ അവസരമായി നാം ഏറ്റെടുക്കണം. പ്രത്യാശയുടെ തീർത്ഥാടകരായി മുന്നേറുക എന്ന ലക്ഷ്യമാണ് നമ്മുടെ മുമ്പിലുള്ളത്. പ്രത്യാശയുള്ളവരായി നാം മാറണമെങ്കിൽ ആദ്യം നാം വിശ്വാസത്തിൽ ആഴപ്പെടേണ്ടിയിരിക്കുന്നു. ഹെബ്രായ ലേഖകൻ വ്യകതമാക്കുന്നത്: "വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്"(ഹെബ്രാ.11/1). നമ്മുടെ ദൈവം പ്രത്യാശയുടെ ദൈവമാണെന്ന് വി. പൗലോസ് സമർത്ഥിക്കുന്നു: "പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്താൽ സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കട്ടെ! അങ്ങനെ പരിശുദ്ധത്മാവിന്റെ ശക്തിയാൽ പ്രത്യാശയിൽ നിങ്ങൾ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ!"(റോമ.15/13). ഒരു ക്രിസ്ത്യാനി ദൈവത്തിൽ പ്രത്യാശ വെയ്ക്കുന്ന ആളായിരിക്കും. ക്രിസ്തുവിനെ സ്വന്തമായി കരുതുന്നവർ തീർച്ചയായും അവന്റെ കല്പനകൾ പാലിച്ചിരിക്കും. യേശുനാഥൻ വളരെ വ്യക്തമായി പ്രസ്താവിക്കുന്നു ആരാണ് തന്റെ സ്വന്തമെന്ന് : "യേശു അവനോടു പറഞ്ഞു: "ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ? തന്റെ ശിഷ്യന്മാരുടെ നേരെ കൈ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ എന്റെ അമ്മയും സഹോദരരും. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (മത്ത. 12/48-50). ലൂക്കാ സുവിശേഷകൻ കുറച്ചുകൂടി വ്യക്തമായി പറയുന്നത്: "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും"(ലൂക്ക.8 /19-21). ദൈവത്തിന്റെ കല്പന പാലിക്കുന്നവർ ദൈവത്തെ അറിഞ്ഞവരാണ്, അറിയുന്നവരാണ്. യോഹന്നാൻ വിശദികരിക്കുന്നത്: "ഞാൻ അവനെ അറിയുന്നു എന്ന് പറയുകയും അവന്റെ കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളം പറയുന്നു; അവനിൽ സത്യമില്ല. എന്നാൽ അവന്റെ

വചനം പാലിക്കുന്നവനിൽ സത്യമായും ദൈവസ്നേഹം പൂർണത പ്രാപിച്ചിരിക്കുന്നു. നാം അവനിൽ വസിക്കുന്നെന്നു ഇതിൽ നിന്ന് നാം അറിയുന്നു. അവനിൽ വസിക്കുന്നെന്നു പറയുന്നവൻ അവൻ നടന്ന വഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു (1 യോഹ.2/4-6). ഈശോയുടെ മനുഷ്യാവതാരവും, പീഡാസഹനവും, കുരിശുമരണവും, ഉത്ഥാനവും തന്റെ രക്ഷക്കുവേണ്ടിയാണ് എന്ന ബോധ്യമുള്ളവനും യേശുവിലൂടെ മാത്രമേ രക്ഷയുള്ളൂ എന്ന് വിശ്വസിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ വിശ്വാസി. അയാൾ വീണ്ടും ജനിക്കുകയും ഒരു പുതിയ മനുഷ്യനായി രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു. പൗലോസിന്റെ ഉപദേശം നാം സ്വീകരിക്കണം : "നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്ന് രൂപം കൊണ്ട വഞ്ചനനിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ-നിങ്ങൾ മനസ്സിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെടട്ടെ- യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ"(എഫേ.4/22-24). ചുരുക്കത്തിൽ ഒരു യഥാർത്ഥ വിശ്വാസി യേശുവിന്റെ സ്വന്തമാകുന്നത് ദൈവകല്പനകൾ പൂർണമായി പാലിക്കുമ്പോഴാണ്. യേശു സദാ സമയവും തന്നോടൊത്തുണ്ട് എന്ന ബോധ്യത്തിലായിരിക്കുന്ന വ്യക്തി ഒരു പുതിയ ജീവിതത്തിന്റെ ഉടമയായി മാറുന്നു. ആത്മാവിൽ അഭിഷേകം ചെയ്യപ്പെട്ട ഒരു നവജീവിതം. ഈ ജൂബിലി വർഷത്തിൽ വിശേഷിച്ചു ഈ തപസുകാലത്തു ദൈവത്തിലുള്ള നമ്മുടെ വിശ്വാസം കൂടുതൽ ആഴപ്പെടാനുള്ള ഒരുക്കങ്ങളാണ് നാം ചെയുന്നത്: വചനം വായിച്ചും, ധ്യാനിച്ചും പ്രഘോഷിച്ചും ജീവിച്ചും ദൈവഹിതം നിറവേറ്റാനാണ് നാം പരിശ്രമിക്കുന്നത്.

## സിനഡാത്മക സമീപനവും ഒരു നവജീവിതവും

യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുന്നതിനായി നാം ഒരു കൂട്ടായ്മയായി യത്നിക്കുന്നു. കുടുംബത്തിലും ഇടവകയിലും സമൂഹത്തിലും സഭയിലും കൂട്ടായ്മ മനോഭാവത്തോടെയാണ് പ്രവർത്തിക്കേണ്ടത്. നാം ഒറ്റക്കല്ല ഒന്നിച്ചാണ് മുന്നേറേണ്ടത്. നമ്മുടെ കുടുംബത്തിലോ സമൂഹത്തിലോ ആരും അവഗണിക്കപ്പെടരുത്. ഓരോരുത്തരും തങ്ങളുടെ ആത്മീയ വിശുദ്ധിക്കും വിജയത്തിനും പരിശ്രമിക്കുമ്പോഴും അന്യരോടുള്ള കടപ്പാടിനും കരുതലിനും ഒരു കുറവും വരുത്തുന്നില്ല. പരസ്പരം പങ്കുവയ്ക്കുകയും സഹായിക്കുകയും സംരക്ഷിക്കുകയും ചെയുന്ന ഒരു നവജീവിതമാണ് സിനഡാത്മകതകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ജൂബിലിയോടനുബന്ധിച്ച് സഭ പൊതുവായും രൂപത പ്രത്യേകമായും സംഘടിപ്പിക്കുന്ന പരിപാടികളിൽ സജീവമായി നാമേവരും പങ്കെടുക്കണം. തപസുകാലത്തിന്റെ അരൂപിയിൽ കൂടുതൽ പ്രാർത്ഥിച്ചും, ധ്യാനിച്ചും പ്രായശ്ചിത്തം അനുഷ്ഠിച്ചും മനോഗുണ പ്രവർത്തികൾ ചെയ്തും പുതിയ മനുഷ്യരായി മാറികൊണ്ടു സ്നേഹത്തിന്റെയും സഹനത്തിന്റെയും പങ്കുവയ്ക്കലിന്റെയും സമാധാനത്തിന്റെയും ഒരു പുതിയ ജീവിതം നമുക്കു കെട്ടിപ്പടുക്കാം.

## ക്ഷാരബുധൻ

മാർച്ച് 05-ാം തീയതി ക്ഷാരബുധനാഴ്ച (Ash Wednesday) നമ്മുടെ ശിരസിൽ ചാരം പൂശിക്കൊണ്ട് നാം ഔദ്യോഗികമായി നോമ്പ് ആരംഭിക്കുകയാണ്. നമ്മുടെ ശരീരവും ഭൗതികസമ്പത്തും മണ്ണോടുമണ്ണായി തീരും എന്ന സത്യം നാം ഏറ്റുപറയുന്നതോടൊപ്പം ഒരിക്കലും നശിക്കാത്ത ആത്മാവിനായി നമ്മുടെ ജീവിതത്തെ ചിട്ടപ്പെടുത്തുമെന്നും നാം പ്രതിജ്ഞ എടുക്കുന്നു.

## തൈലാശിർവ്വാദ ദിവ്യബലിയും പൗരോഹിത്യ ദിനവും.

നമ്മുടെ ഭദ്രാസന ദൈവാലയമായ വിമലഗിരിയിൽ ആഘോഷിക്കപ്പെടുന്ന അതിവിശിഷ്ടമായ ശുശ്രൂഷയാണ് ജ്ഞാനസ്നാനം, സ്ഥൈര്യലേപനം രോഗീലേപനം, തിരുപ്പട്ടം തുടങ്ങിയ കൂദാശകൾക്കു ആവശ്യമായ തൈലങ്ങൾ ആശീർവ്വദിക്കപ്പെടുന്ന ദിവ്യബലി. പതിവുപോലെ ഈ വർഷവും വിശുദ്ധ വാരത്തിലെ ബുധനാഴ്ച രാവിലെയാണ് സാഘോഷമായ പ്രസ്തുത ദിവ്യബലി അർപ്പിക്കപ്പെടുന്നത്. അതായത് 2025 ഏപ്രിൽ മാസം 16-ാം തീയതി 7.30ന് കർമങ്ങൾ സമാരംഭിക്കും. ഈ അവസരം പൗരോഹിത്യ സുദിനമായും നാം ആഘോഷിക്കുന്നു. നമ്മെ സ്നേഹിക്കുന്ന, നമ്മെ പരിപാലിക്കുന്ന, നമുക്കു വേണ്ടി പ്രാർത്ഥിക്കുന്ന വൈദികർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയുന്ന എല്ലാ വൈദികരും 15-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 5 മണിക്ക് വിമലഗിരിയിൽ എത്തിച്ചേരുന്നതായിരിക്കും. തൈലശിർവ്വാദ ദിവ്യബലിയിൽ മെത്രാന്മാരോടൊത്തു എല്ലാ വൈദികരും സന്യസ്തരും കഴിയുന്നത്ര അല്മായരും പങ്കെടുക്കണമെന്നും സഭ നിഷ്കർഷിക്കുന്നു. ആയതിനാൽ നിങ്ങളേവരെയും അതീവ താല്പര്യത്തോടും സ്നേഹത്തോടും കൂടി ക്ഷണിക്കുന്നു. നമ്മുടെ വൈദികർ തങ്ങളുടെ പൗരോഹിത്യവ്രതം നവീകരിക്കുന്ന വേളയിൽ നമ്മുടെ സാന്നിധ്യം കൊണ്ടും പ്രാർത്ഥനകൊണ്ടും അവരെ ആദരിക്കാം. ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനായി വരുന്ന വിവരം കൂരിയായിൽ മുൻകൂട്ടി അറിയിക്കണേ.

## രോഗികളെയും വിശക്കുന്നവരെയും നമുക്ക് സഹായിക്കാം

“വിശ്വാസം ശരണം സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു. എന്നാൽ സ്നേഹമാണ് സർവോൽകൃഷ്ടം”(1കൊറി 13/12-13}. പൗലോസിന്റെ ഈ വചനങ്ങൾ നാം എപ്പോഴും ധ്യാനവിഷയമാക്കണം. ആചാരാനുഷ്ഠാനങ്ങൾ കൊണ്ട് മാത്രം തൃപ്തിയടയുന്നവരാകരുത്. വിശ്വാസവും പ്രത്യാശയും നമ്മുടെ സ്നേഹപ്രവർത്തികളിലൂടെ സാക്ഷ്യം നല്കുന്നവരായി നാം മാറേണ്ടിയിരിക്കുന്നു. ആർഭാടത്തിന്റെയും ധൂർത്തിന്റെയും പെരുന്നാൾ ക്രിസ്ത്യാനികളല്ല നാം. കർത്താവിന്റെ ദാരിദ്ര്യത്തിന്റെ അരൂപിയിൽ വിശക്കുന്നവർക്കും വേദനിക്കുന്നവർക്കും പലതരത്തിൽ പാർശ്വവത്കരിക്കപ്പെട്ടവർക്കും അത്താണിയായി മാറേണ്ടവരാണ്

നാം. നാൽപതു ദിവസം നാം ശരിക്കും നോമ്പ് ആചരിക്കണം. വചനം കൊണ്ടും, പ്രാർത്ഥന കൊണ്ടും, തപചര്യകളിലുടെയും നാം നമ്മുടെ ശരീരത്തെയും മനസ്സിനെയും സംസ്കരിക്കുന്നു. നമ്മുടെ ദൈനംദിന ചിലവുകൾ നിയന്ത്രിച്ചു ഇല്ലാത്തവരെ സഹായിക്കുവാൻ തയ്യാറാവണം. നോമ്പുകാലത്തിലെ രണ്ട് ഞായറാഴ്ചത്തെ സ്തോത്രകാഴ്ച കാരിത്താസ് ഇന്ത്യയുടെ വിശപ്പിനും രോഗത്തിനു എതിരെയുള്ള പ്രവർത്തനത്തിനായി നാം അയച്ചുകൊടുക്കണം. പിരിഞ്ഞു കിട്ടുന്ന തുക എല്ലാ വികാരി അച്ചന്മാരും കഴിയുന്നതും വേഗം VSSS ൽ ഏല്പിക്കേണ്ടതാണ്.

വചനം ധ്യാനിച്ചും പ്രത്യക ധ്യാനങ്ങളിൽ സജീവമായി പങ്കെടുത്തും കുരിശിന്റെവഴി നടത്തിയതും മറ്റ് പരമ്പരാഗത ഭക്തകൃത്യങ്ങൾ നടത്തിയും ഉപവാസമനുഷ്ഠിച്ചും ദാനധർമങ്ങൾ ചെയ്തും നമുക്ക് ഈ പുണ്യ തപസ്സുകാലത്തിലായിരിക്കാം.

നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചുകൊള്ളുന്നു.


**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
വിജയപുരം മെത്രാൻ

NB: ഈ സർക്കുലർ മാർച്ച് 02 ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

## ഏപ്രിൽ — പരേതരെ സ്മരിക്കാം

| | | |
|---|---|---|
| 04 | (1995) | ബിഷപ് വിക്ടർ സാൻ മിഗ്വേൽ ഒ.സി.ഡി. |
| 05 | (2014) | മോൺ. തോമസ് മറ്റത്തിൽ |
| 06 | (2016) | ഫാ.അഗസ്റ്റിൻ വൈരമൺ |
| 11 | (1947) | ഫാ. ആഞ്ചെലൂസ് ഒ.സി.ഡി. |
| 12 | (1951) | ഫാ. ലിഗോരി ഒ.സി.ഡി. |
| 21 | (1989) | ഫാ. ജോർജ് സ്രാമ്പിക്കൽ |
| 23 | (1969) | ഫാ. ഗ്രിഗറി പട്ടമന |
| 24 | (1991) | ഫാ. പോൾ പനച്ചിക്കൽ |
| 26 | (1975) | ഫാ. അംബ്രോസ് ഒ.സി.ഡി. |
| 26 | (1998) | ഫാ. ലിയോ കട്ടിക്കാട്ടുതറ |
| 28 | (2004) | ഡീക്കൻ റോക്കി കുരിശിങ്കൽ |



# ഈസ്റ്റർ പ്രത്യാശയുടെ പുതുപുലരി

ഉയർന്നുപൊങ്ങുന്ന ധൂപച്ചുരുളുകളുടെയും മണിനാദത്തിന്റെയും അകമ്പടിയോടെ ഈസ്റ്റർ രാത്രിയിലെ വിശുദ്ധ കുർബാനയ്ക്കിടെ കല്ലറയ്ക്കുള്ളിൽ നിന്ന് വിജയാഹ്ലാദത്തോടെ പുഞ്ചിരിച്ചുകൊണ്ട് ഉയരുന്ന ഉത്ഥിതന്റെ ചിത്രം ഏതൊരു ക്രിസ്ത്യാനിയുടെയും വിശ്വാസജീവിതത്തിന്റെ മകുടമാണ്. ദുഃഖവെള്ളിയുടെ കറുത്ത നിഴലുകൾ പ്രഭാപൂരിതമാകുന്നു , കാൽവരിയിലെ കനത്ത ദുഃഖം വലിയ സന്തോഷമാകുന്നു , മുറിവുകൾ തിരു മുറിവുകളായി വിശ്വാസത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നു. ആരാധന ക്രമത്തിലെ ഏറ്റവും വലിയ തിരുനാളായ ഈസ്റ്റർ നമുക്ക് പ്രത്യാശയുടെ പുതുപുലരിയായി മാറുന്നു.

കാൽവരിയും ശൂന്യമായ കല്ലറയും നമ്മുടെ ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത രണ്ടിടങ്ങളാണ്. സങ്കടങ്ങളുടെ കനൽ വഴിയെ സ്വന്തം കുരിശു ചുമന്ന് ഇടറിപ്പോകാതെ നടന്ന് ക്രിസ്തുവിന്റെ കുരിശോട് ചേർന്ന് അതിൽ മരിക്കാൻ തയ്യാറാകുമ്പോൾ മാത്രമാണ് നിണമണിഞ്ഞ കുരിശുവഴിയിൽ വെളുത്ത ഈസ്റ്റർ ലില്ലികൾ വിരിയുന്നത്. വലിയനോമ്പ് ആരംഭിച്ച വിഭൂതി ദിനത്തിൽ നെറ്റിയിൽ പൂശിയ ഒരു നുള്ള് ചാരം ആത്മാവിൽ സുഗന്ധമായി പടർത്തി പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവയിലൂടെ ഗെത്സെമനിയിൽ നിന്ന് കാൽവരിയിലേക്കുള്ള ദൂരം കുറച്ച് ശൂന്യമായ കല്ലറയ്ക്ക് മുന്നിൽ പ്രത്യാശയോടെ നിൽക്കുമ്പോൾ മാത്രമാണ് നമ്മുടെ വിശ്വാസജീവിതം അർത്ഥപൂർണമായി തീരുന്നത്.

"ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ് " ( 1 കോറി 15:14)."ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ് "(1കോറി 15:17). ഈ വചനങ്ങൾ ഉത്ഥാനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ആദി മാതാപിതാക്കളിലൂടെ മനുഷ്യകുലത്തെ മാരകമായി മുറിവേൽപ്പിച്ച മരണത്തിൻെറ ദംശനവും പാപത്തിന്റെ ആധിപത്യവും തന്റെ കുരിശുമരണത്താൽ നീക്കം ചെയ്ത് മരണത്തിൻ മേലും പാപത്തിൻ മേലും ക്രിസ്തു വിജയംവരിച്ചത് നാം ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് ഉയർന്ന് പറക്കാനാണ്. ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ മരണമേ നിന്റെ വിജയം എവിടെ ? മരണമേ, നിന്റെ ദംശനം എവിടെ ? എന്ന് ധൈര്യപൂർവ്വം ചോദിച്ചു കൊണ്ട് പെസഹാരഹസ്യങ്ങളിലൂടെ ക്രിസ്തു നമുക്കായി നേടിത്തന്ന സകല കൃപാവരങ്ങളും അതിൻെറ പൂർണ്ണതയിൽ നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും പ്രതിഫലിപ്പിക്കുമ്പോഴാണ് യേശുവിന്റെ ഉത്ഥാനം നമ്മുടെ പ്രത്യാശയായി മാറുന്നത്.

കുരിശിലെ ക്രിസ്തുവിന്റെ നിലവിളിയിൽ മനം തകർന്ന് നിരാശരായി ജെറുസലേം വിട്ട് എമ്മാവൂസിലേക്ക് യാത്ര ചെയ്ത ശിഷ്യരുടെ കൂടെ നടന്ന് തന്റെ പീഡാനുഭവത്തിന്റയും മരണത്തിന്റെയും വിശുദ്ധ ലിഖിതങ്ങളുടെ ചുരുൾ നിവർത്തി ഹൃദയം ജ്വലിപ്പിച്ച് ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് തലയുയർത്തി നോക്കാൻ ഉത്ഥിതൻ അവരെ പ്രാപ്തരാക്കി. ദൈവത്തിൻെറ നഗരമായ ജെറുസലേമിൽ നിന്നും സഹശിഷ്യരുടെ കൂട്ടായ്മയിൽ നിന്നും അകന്നുപോയവരെ തിരികെ കൊണ്ടുവരുന്ന ഉത്ഥിതന്റെ ചിത്രം നമുക്കിവിടെ കാണാൻ കഴിയും.

വളർത്തിയെടുത്ത സ്വപ്നങ്ങൾ തന്റേതല്ലാത്ത കാരണങ്ങളാൽ ക്ഷണനേരം കൊണ്ട് പൊലിഞ്ഞു പോകുമ്പോൾ , പ്രത്യാശിക്കാനൊന്നുമില്ലെന്ന് കരുതി നിരാശയിലേക്ക് വീണുപോകുമ്പോൾ നാം അറിയാതെ ദൈവത്തിൽ നിന്നും സഹോദരങ്ങളിൽ നിന്നും അകന്നു പോകുന്നു. നാമറിയാതെ നമ്മോട് കൂടെ നടക്കുന്ന ഉത്ഥിതന്നോട് "നാഥാ കൂടെ വസിച്ചാലും " എന്ന് പറയാൻ തക്കവിധം നാം വിനീതരാകുമ്പോൾ അവൻ നമ്മെ പ്രത്യാശയുടെ പുതുപുലരിയിലേക്ക് കൈപിടിച്ച് ഉയർത്തും തീർച്ച!

കാൽവരിയിലെ മൂന്നാണിയും മരക്കുരിശും വി. പത്രോസിനെ വല്ലാതെ പിടിച്ചുലച്ചു. എല്ലാം ഉപേക്ഷിച്ച് നിന്റെ കൂടെ നടന്നാൽ എന്ത് ലഭിക്കും എന്ന ചോദ്യത്തിന് "എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരൻമാരെയോ സഹോദരിമാരെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും" എന്ന് ലഭിച്ച

വാഗ്ദാനം നിഷ്ഫലമായതു പോലെ പത്രോസിന് തോന്നി . കൂടെയുള്ളവരെ ശക്തിപ്പെടുത്തേണ്ടവൻ ക്രിസ്തുവിനെപ്രതി താൻ ഉപേക്ഷിച്ച വള്ളവും വലയുമായി വെള്ളത്തിലിറങ്ങി. കാൽവരിയിൽ നിന്ന് ഉയരുന്ന ക്ഷമാവചനങ്ങൾക്കൊപ്പം ഉള്ളിൽ നിന്ന് ഉയരുന്ന കോഴിയുടെ കൂവൽ പത്രോസിന്റെ കണ്ണുകളെ ഈറനണിയിച്ചു. കവിളിലൂടെ ഒഴുകിയിറങ്ങുന്ന കണ്ണീരിനൊപ്പം തീരത്ത് മറ്റൊരു ചിത്രം തെളിഞ്ഞു കാണാറായി. അമ്മയെപ്പോലെ പ്രാതലൊരുക്കി കാത്തുനിൽക്കുന്ന തന്റെ ഗുരു ! മനുഷ്യരെ പിടിക്കേണ്ടവൻ മീൻ പിടിക്കാനായി ഇറങ്ങിയപ്പോൾ സ്നേഹത്തിൻെറ വല വീശി ഉത്ഥിതൻ പത്രോസിനെ തിരിച്ചുപിടിച്ച് നീ എന്നെ സ്നേഹിക്കുന്നുവോ ? എന്ന് ചോദിച്ച് വലിയ ഇടയന്റെ ദൗത്യം നൽകി ഒന്നുകൂടി സ്നേഹത്തിലും വിശ്വാസത്തിലും ഉറപ്പിച്ചു . ഈശോയുടെ മൂന്നാം പ്രാവശ്യത്തെ ഈ പ്രത്യക്ഷപ്പെടൽ പത്രോസിന് പ്രത്യാശയുടെ പൊൻപുലരിയായി. ആരോടും പങ്കുവയ്ക്കാൻ ആവാത്ത പൊള്ളുന്ന നൊമ്പരങ്ങളും പരാജയങ്ങളും ക്രിസ്തുവിനെ ഉപേക്ഷിച്ച് സ്വന്തം വഴിക്ക്

പോകാൻ കാരണമാകുമ്പോഴും അമ്മയെപ്പോലെ നമുക്കാവശ്യമുള്ള തൊരുക്കി നമ്മെ തേടി വരുന്നവനാണ് നമ്മുടെ ഉത്ഥിതൻ . നാം നിരാശ പ്പെടേണ്ടവരല്ല പ്രത്യാശയുടെ മക്കളാണ് ഉത്ഥാനത്തിന്റെ മക്കൾ.

തന്റെ ഗുരുവിനെ ഹൃദയപൂർവ്വം സ്നേഹിക്കുകയും അനുധാവനം ചെയ്യുകയും ചെയ്ത മഗ്ദലേനമറിയം തന്റെ ഗുരുവിന്റെ വേർപാടിൽ അവനെ ഉപേക്ഷിക്കാനാവാതെ മനംനൊന്ത് കരഞ്ഞ് ശൂന്യമായ കല്ലറയ്ക്കു മുന്നിൽ കാത്തുനിന്നപ്പോൾ അവളുടെ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ആഴം കണ്ട ഗുരു "മറിയം "എന്ന് വിളിച്ച് അവളുടെ മുൻപിൽ പ്രത്യാശയായി മാറി. "റബ്ബോനി" എന്ന് മറുപടി നൽകി അവൾ ഉത്ഥാനത്തിന്റെ ആദ്യ സാക്ഷിയായി. ദൈവത്തെ കൂട്ടുപിടിച്ച് എല്ലാം ദൈവഹിത പ്രകാരം നിവർത്തിക്കുമ്പോഴും ചില തകർച്ചകൾ സഹനങ്ങൾ നമ്മുടെ ഉൾക്കാഴ്ചയെ കെടുത്തി കളയുന്നു. അത്തരം സന്ദർഭങ്ങളിലും നമ്മുടെ സ്നേഹത്തെ വിശ്വാസത്തെ വിലമതിക്കുന്ന ദൈവം നമുക്കു മുൻപിൽ പ്രത്യാശയായി തെളിഞ്ഞുവരും.

ഉത്ഥാനം നിറമുള്ള കഥകൾ കൂട്ടിച്ചേർത്ത് തുന്നിയെടുത്ത പുസ്തകമല്ല, വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ട് വായിച്ചെടുക്കേണ്ട ഒന്നാണത് . ഈ "ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ് "( 1 കൊറി 15:19). പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമില്ലാത്ത ഒരു ജീവിതമല്ല നമുക്ക് മുന്നിലുള്ളത് അസമാധാനം, അസംതൃപ്തി, അപ്രതീക്ഷിത ദുരന്തങ്ങൾ, നിരാശ സമ്മാനിക്കുന്ന മറ്റ് ഒരായിരം കാരണങ്ങൾ ഇതിന് നടുവിൽ ഉത്ഥിതൻ നൽകുന്ന സമാധാനം സ്വന്തമാക്കി വിശ്വാസ ധീരതയോടെ സ്വർഗ്ഗം ലക്ഷ്യം വെച്ച് ജീവിക്കാൻ നാം ബാധ്യസ്ഥരാണ്. "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും എങ്കിലും ധൈര്യമായിരിക്കുവിൻഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു " എന്ന യേശു വചനം നമുക്ക് ആത്മവിശ്വാസവും പ്രത്യാശയും പകരുന്നു. 2025 ജൂബിലി വർഷത്തിന്റെ "പ്രത്യാശയുടെ തീർത്ഥാടകർ " എന്ന ആപ്തവാക്യം വിശ്വാസപൂർവ്വം സ്നേഹത്തോടെ നമുക്ക് ജീവിച്ചു തുടങ്ങാം. ഉത്ഥിതനെ വ്യക്തിപരമായി കണ്ടുമുട്ടി ഉത്ഥാനാനുഭവത്തിൽ ജീവിക്കാൻ സാധിക്കുമ്പോഴാണ് നാം മറ്റുള്ളവർക്ക് പ്രത്യാശയേകുന്നവരായി തീരുന്നത്. നമ്മെ കാണുന്നവർ ഉത്ഥിതനെ കാണട്ടെ ... അപ്പോൾ മരണത്തെ ജയിച്ച് ജീവനിലേക്ക് പ്രവേശിച്ച ക്രിസ്തു നൽകുന്ന പുതുജീവിതവും പ്രത്യാശയും അവർക്കും നമുക്കും മാർഗ്ഗദീപമായി തീരും.

എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാരും വി.പത്രോസും ശൂന്യമായ കല്ലറയ്ക്ക് വെളിയിൽ നിറമിഴിയോടെ കാത്തിരുന്ന വി. മഗ്ദലേനമറിയവും നമ്മെ വിളിക്കുന്നത് ഉത്ഥാനാനുഭവത്തിലേയ്ക്കാണ്. ജീവിതത്തിലെ കാൽവരിയിൽ നിൽക്കുമ്പോഴും വിശ്വാസത്തിന്റെ അകക്കണ്ണ് കൊണ്ട്

പാതിതുറന്ന ശൂന്യമായ കല്ലറയ്ക്ക് മുൻപിൽ പുഞ്ചിരി തൂകി നിൽക്കുന്ന ക്രിസ്തുവിനെ കാണാൻ കഴിഞ്ഞാൽ നാം അനുഗ്രഹീതരായി . പ്രത്യാശയുടെ തീർത്ഥാടകരായി നാം മുന്നേറുമ്പോൾ നാം തനിച്ചല്ല എന്ന ബോധ്യം നമ്മുടെ ചുവടുകളെ ബലപ്പെടുത്തും. നമുക്ക് മുൻപേ നടന്നു നീങ്ങിയ വിശുദ്ധരും വിശ്വാസികളും ഒപ്പം ചേരുന്ന സഹോദരങ്ങളും നമ്മുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തും. ഉത്ഥിതന്റെ സമ്മാനമായ സമാധാനം നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും നിറഞ്ഞ് അത് അപരനിലേക്ക് കവിയുമ്പോൾ പൊള്ളുന്ന പ്രശ്നങ്ങളും നീറുന്ന ഓർമ്മകളും സുഗന്ധം പരത്തുന്ന തിരുമുറിവുകളാകും , ഈ മുറിവുകൾ നമുക്ക് ക്രിസ്തുവിന്റെ ഛായ പകരും . ഉത്ഥിതന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവ് ഏതു ജീവിത സാഹചര്യത്തിലും ക്രിസ്തുവിന് സാക്ഷ്യമേകാൻ നമുക്ക് കൂട്ടാകും. നാം ഈ ലോകത്തിലാണെങ്കിലും ലോകത്തിന്റേതല്ല, നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ് നാം സ്വർഗ്ഗീയരാണ് ഉത്ഥാനത്തിന്റെ സാക്ഷികളാണ്.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ .

---

# പുനരുദ്ധാനത്തിന് സാക്ഷ്യം വഹിക്കുക.

ചിപ്പി, പൊടിമറ്റം

ലോകത്തിലെ ഏറ്റവും മഹത്തായ സംഭവത്തിൽ സന്തോഷിക്കാം. അത് കർത്താവായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. പാപത്തേയും മരണത്തേയും കീഴടക്കി ഉത്ഥാനം ചെയ്തു യേശുവിന്റെ മഹത്വത്തിൽ പങ്കുചേരാൻ നാമേവരും വിളിക്കപ്പെട്ടിരിക്കുന്നു.

മരണം പരാജയപ്പെട്ടിരിക്കുന്നു. പ്രത്യാശ ജീവിക്കുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനം വെറും ചരിത്രസംഭവം മാത്രമല്ല; അതൊരു വാഗ്ദാനം കൂടിയാണ്. യേശു ഉയിർത്തെഴുന്നേറഅറത് എനിക്കായിട്ടും നിനക്കായിട്ടും ലോകത്തിനു മുഴുവനുമായിട്ടാണ്. പാപത്തെയും മരണത്തെയും അടുത്ത് ജയിച്ചതിനാൽ നമുക്ക് നിത്യജീവന്റെ പ്രത്യാശയുണ്ട്. ക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നതിനാൽ നമ്മുടെ കഷ്ടപ്പെടലുകൾക്കും, ദുഃഖങ്ങൾക്കും അന്തിമവാക്കായി എന്നല്ല, നാമിനി പ്രത്യാശയില്ലാത്തവരെപ്പോലെയല്ല, പുനരുത്ഥിതനായ ക്രിസ്തുവിന്റെ പ്രകാശത്തിൽ ജീവിക്കേണ്ടവരാണ്. എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഇടയിൽ. നാമിനി പുനരുദ്ധാനത്തിന്റെ സാക്ഷികൾ ആയിരിക്കണം. നമ്മുടെ പ്രത്യാശ അനശ്വരമാകണം. പ്രത്യാശയുടെ തീർത്ഥാടകരായി 2025-ലെ ഈസ്റ്റർ സന്തോഷത്തോടെ ആഘോഷിക്കാം.

ഹല്ലേലൂയാ...

# യേശുവിന്റെ സ്ത്രീകൾ

ഫാ. ജോസഫ് മീനായിക്കോടത്ത്

**ആമുഖം:**

യഹൂദ മതനിയമപ്രകാരം സ്ത്രീക്ക് ഒരു സ്ഥാനവും ഉണ്ടായിരുന്നില്ല, വേദപുസ്തകം പഠിക്കുവാൻ അവർക്ക് അനുവാദമില്ല. മാത്രമല്ല, യഹൂദമതത്തിന്റെ ഔദ്യോഗിക പ്രാർഥനയായ ഷേമപ്രാർഥന (Shema) നടത്തുവാനും അവരെ അനുവദിച്ചിരുന്നില്ല. പുരുഷന്മാർക്കു മാത്രമേ പുരോഹിതശുശ്രൂഷ ചെയ്യാൻ പാടുള്ളൂ. ചുരുക്കത്തിൽ യഹൂദസംസ്കാരത്തിൽ സ്ത്രീകൾ അസ്തിത്വമില്ലാത്തവരും വിലയില്ലാത്തവരുമായിട്ടാണ് പരിഗണിക്കപ്പെട്ടത്.

ഏതൊരു യഹൂദ പുരുഷനും എല്ലാ ദിവസവും പ്രാർഥിച്ചിരുന്നത് "എന്നെ ഒരു വിജാതീയനായി സൃഷ്ടിക്കാതിരുന്നതിന് ദൈവമേ നിനക്ക് നന്ദി. എന്നെ സ്ത്രീയായി സൃഷ്ടിക്കാതിരുന്നതിന് ദൈവമേ നിനക്ക് നന്ദി. എന്നെ ഒരു ദരിദ്രനായി സൃഷ്ടിക്കാതിരുന്നതിന് ദൈവമേ നിനക്കു നന്ദി (Menahoth, 1975:159)" എന്നിങ്ങനെ ആയിരുന്നു. ഇത്തരത്തിലുള്ള ഒരു പുരുഷാധിപത്യ സമൂഹപശ്ചാത്തലത്തിലാണ് യേശു ജനിച്ചു വളർന്നതെങ്കിലും അവിടന്ന് സ്തീകളോട് പക്ഷം ചേർന്നിരുന്നു.

## 1. യേശുവിന്റെ മനം കവർന്ന സ്ത്രീകൾ

വിശ്വാസത്തിന്റെ വലിയ മാതൃകയായി യേശു ഉയർത്തി കാണിക്കുന്നത് പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്ന സ്ത്രീയെയാണ് (മർക്കോ 5:24-34). വിശ്വാസത്തിന്റെ മറ്റൊരു താരകം കാനാൻകരിയായ സ്ത്രീയാണ്. യേശുവിനെപ്പോലും വിസ്മയിപ്പിച്ച വിശ്വാസമായിരുന്നു അവളുടേത്. പത്രോസിന്റെ വിശ്വാസത്തെക്കാൾ ആഴമായതാണ് പാപിനിയായ സ്ത്രീയുടെ വിശ്വാസം (ലൂക്ക 7:36-50).

പ്രാർഥനയുടെ പതറാത്ത വിശ്വാസത്തിന്റെ അടയാളമായി ഈശോ ഉയർത്തി കാണിക്കുന്നത് വിധവയായ ഒരു സ്ത്രീയെയാണ് (ലൂക്കാ 18:1-8). ലാസറിന്റെ സഹോദരിമായ മർത്തായുടെയും മറിയത്തിന്റെയും വിശ്വാസം ലാസറിനെ ഉയർപ്പിച്ചു (യോഹ 11:1-44).

സമൂഹത്തിൽ ഏറ്റവും നിസ്സാരരായി പരിഗണിക്കപ്പെട്ടിരുന്ന വിധവകൾക്ക് യേശു വലിയ പ്രാധാന്യം നല്കിയിരുന്നു. ഉണ്ണിയേശുവിനെ കൈയിലെടുക്കുവാൻ ഭാഗ്യം ലഭിച്ചത് ഹന്നയെന്ന വിധവയ്ക്കായിരുന്നു (ലൂക്കാ 2:36-38). ദരിദ്രയായ വിധവ ധനവാന്മാരെക്കാൾ കൂടുതലായി ദൈവത്തിന് കാഴ്ച സമർപ്പിച്ചുവെന്ന് (ലൂക്ക 21:1-4) യേശു തന്നെ സാക്ഷ്യപ്പെടുത്തുന്നു. യേശുവിന്റെ വംശാവലിയിൽ താമാർ ,റാഹാബ്, റൂത്ത് ബത്ത്ഷബാ ( മത്താ 1:1-6) എന്നീ സ്ത്രീകളെ കാണുവാൻ സാധിക്കും

## 2.യേശുവിന്റെ ശിഷ്യഗണത്തിൽപ്പെട്ട സ്ത്രീകൾ

ആ നാളുകളിൽ ഒരു യഹൂദ റബ്ബിയെ അനുഗമിക്കുവാൻ സ്ത്രീകളെ അനുവദിച്ചിരുന്നില്ല. യേശുവിന്റെ യാത്രയിൽ അനുയാത്ര ചെയ്തിരുന്ന സ്ത്രീരത്നങ്ങളെ നമുക്ക് കാണാൻ സാധിക്കും. മാത്രമല്ല മഗ്ദലേന മറിയവും ഹേറോദേസിന്റെ കാര്യസ്ഥനായ കൂസായുടെ ഭാര്യ യോവാന്നയും സൂസന്നയും യേശുവിനെ പരസ്യജീവിതത്തിൽ സാമ്പത്തികമായി സഹായിക്കുകയും ചെയ്തു(ലൂക്കാ 8:1 - 3). യേശുവിന്റെ പാദത്തിൻ കീഴിലിരിന്ന് അവന്റെ ഓരോ മൊഴികളും ശ്രവിച്ചിരുന്ന ശിഷ്യരും യേശുവിനെ ശുശ്രൂഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്ന ശിഷ്യരായ സ്ത്രീകളും ഉണ്ടായിരുന്നു (ലൂക്കാ 10:38-42).

പീഡാസഹന വേളയിൽ അനേകർ യേശുവിനെ വിട്ടുപോയപ്പോൾ അനേകം സ്ത്രീകൾ യേശുവിനെ ആശ്വസിപ്പിക്കുകയും കൂടെ നടക്കുകയും ക്രിസ്തുവിനെ പ്രതി വിലപിക്കുകയും ചെയ്തു (ലൂക്കാ 23:27-31,49). യേശുവിന്റെ മരണാനന്തരം ഉപയോഗിക്കാനുള്ള സുഗന്ധദ്രവ്യങ്ങളും ലേപന വസ്തുക്കളും തയ്യാറാക്കിയത് സ്ത്രീകളാണ് (ലൂക്കാ 23:55). ഉത്ഥിതന്റെ ആദ്യ സാക്ഷികളും അപ്പോസ്തലൻമാരുടെ അപ്പോസ്തലയും ആകുവാൻ ദൈവം തിരഞ്ഞെടുത്തത് സ്ത്രീകളെയാണ് (ലൂക്ക 23:55).

യേശുവിന്റെ ശിഷ്യരിൽ പ്രഥമവും പ്രധാനയുമായ വ്യക്തി പരിശുദ്ധ കന്യക മറിയമാണ്. യേശുവിന്റെ ജീവിതത്തിൽ മാത്രമല്ല ആദിമ സഭയ്ക്ക് ഊടും പാവും നല്കിയത് പരിശുദ്ധ അമ്മ തന്നെയാണ് (അപ്പ 1:14).

## 3. പൗലോസിന്റെ സഹകാരികളായ സ്ത്രീകൾ:

പൊതുവിൽ പുതിയ നിയമത്തിൽ പൗലോസ് അപ്പസ്തോലനെ ഒരു സ്ത്രീ വിരോധിയായിട്ടാണ് പരിഗണിക്കാറുള്ളത്. എന്നാൽ തന്റെ ശുശ്രൂഷയിൽ അപ്പസ്തോലൻ തുല്യ പരിഗണന സ്ത്രീകൾക്ക് നല്കുന്നത് കാണുവാൻ സാധിക്കും.

സ്ത്രീകളുടെ പ്രതിഭാശക്തിയും കാര്യശേഷിയും പൗലോസിനു നന്നായിട്ടറിയാമായിരുന്നു. അദ്ദേഹത്തിന്റെ സ്ത്രീ സഹകാരികളിൽ പ്രമുഖർ ഫോയ്ബ്, പ്രിസില്ല, യൂനിയാസ് എന്നിവരായിരുന്നു. റോമക്കാർക്കുള്ള ലേഖനത്തിൽ (16:1-2) പൗലോസ് ഫൊയിബെയെ കെങ്ക്റെയായിലെ സഭയിൽ ശുശ്രൂഷകയായ നമ്മുടെ സഹോദരി എന്നാണ് പറയുന്നത്. കൊറിന്തോസുകാർക്കുള്ള ലേഖനത്തിൽ (1 കൊറി. 3:5) സഹായികളെ തനിക്കൊപ്പം ദാസന്മാർ (diakonos) എന്നാണ് വിശേഷിപ്പിച്ചത്. ഫൊയ്ബയെ പ്രോസ്താതിസ് (prostatis) എന്നും പൗലോസ് വിളിക്കുന്നുണ്ട്. അതിനർഥം കെങ്ക്റേയാ സഭയിൽ അവൾക്കു നേതൃസ്ഥാനം ഉണ്ടായിരുന്നുവെന്നാണ്. പൗലോസ് കൊറിന്തിലും എഫേസൂസിലും ദീർഘകാലം തങ്ങിയ കാലത്ത് പ്രിസില്ലയായിരുന്നു അപ്പസ്തോലന്റെ ഉദാരയായ ആതിഥേയ. അവളുടെ സേവനം "യേശുക്രിസ്തുവിൽ" എന്നു വിശേഷിപ്പിച്ചതുവഴി, തന്റെ ഭർത്താവിനൊപ്പം ജീവൻ പണയംവെച്ചും

സുവിശേഷവേലയിൽ അവൾ അർപ്പിച്ച സേവനങ്ങളെ പൗലോസ് എടുത്തു കാട്ടി. വിജ്ഞാനിയായ അലക്സാൺട്രിയക്കാരൻ അപ്പോളാസിനെ പഠിപ്പിച്ച പ്രിസില്ലയെ സഭയിലെ ആദ്യത്തെ ദൈവശാസ്ത്രജ്ഞയായി പരിഗണിക്കാവുന്നതാണ്. യൂനിയാസിനെ പൗലോസ് അവതരിപ്പിക്കുന്നത് (റോമ. 16:7) തന്നോടൊപ്പം കാരാഗൃഹവാസം അനുഭവിച്ചവളായിട്ടാണ്. തനിക്കൊപ്പം ഒരേ കാരാഗൃഹത്തിൽ അടയ്ക്ക പ്പെട്ടുവെന്നതിനേക്കാൾ ഒരേ കാര്യത്തിനുവേണ്ടി ത്യാഗമനുഷ്ഠിച്ച അവരെ, " അപ്പസ്തോന്മാരുടെ ഇടയിൽ പ്രധാനി" ആയി പൗലോസ് ആദരിച്ചിരുന്നു. അവരും ദൗത്യ സംഘാംഗം അന്തോണിക്കൂസും പൗലോസിന്റെ വലിയ പ്രശംസയ്ക്ക് പാത്രമായി (Thomas Manjaly  Paul's way of community Building .... 219-220)

## ഉപസംഹാരം

സ്ത്രീകളുടെ അന്തസ്സും അവകാശങ്ങളും സംരക്ഷിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും സഭ ഇപ്പോൾ കൂടുതൽ താത്പര്യമെടുത്തു വരുന്നു.

കഴിഞ്ഞ അര നൂറ്റാണ്ടുകാലത്ത്, സ്ത്രീകളോടുള്ള സഭയുടെ സമീപനത്തിൽ ശ്രദ്ധേയമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. 1962-ൽ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ ഇങ്ങനെ എഴുതുകയുണ്ടായി: "സ്ത്രീകൾ തങ്ങളുടെ മാനവികാന്തസ്സിനെപ്പറ്റിയും അവകാശങ്ങളെപ്പറ്റിയും അതീവ പ്രബുദ്ധകളായി മാറിയതിനാൽ, കേവലം ഉപകരണങ്ങളെപ്പോലെ തങ്ങളെ സമീപിക്കുന്നത് ഇനിയവർ സഹിക്കില്ല. മനുഷ്യജീവിക്ക് അർഹമായ മാന്യതയും അവകാശങ്ങളും കുടുംബത്തിലും പൊതുവേദിയിലും അനുവദിച്ചുകിട്ടണമെന്ന് അവർ ആവശ്യപ്പെട്ടുതുടങ്ങിയിരിക്കുന്നു." (pacem in Terris N0:41)

സ്ത്രീകൾക്ക് പുരുഷന്മാരോടു തുല്യമായ മാഹാത്മ്യം നല്കപ്പെടുന്നില്ല എന്നത് വസ്തുതയാണ്. ഫ്രാൻസിസ് പാപ്പാ ഇക്കാര്യം വളരെ വ്യക്തമായി സമർഥിക്കുകയുണ്ടായി: "സ്ത്രീകൾക്ക് പുരുഷന്മാരുടേതുപോലെതന്നെയുള്ള മാഹാത്മ്യവും തുല്യമായ അവകാശ ങ്ങളുമുണ്ടെന്ന് വ്യക്തമായി ചിന്തിക്കുന്ന തിൽനിന്ന് ഇന്നും ലോക വ്യാപകമായി സമൂഹങ്ങളുടെ സംഘാടനാപ്രക്രിയ ഏറെ അകലെയാണ്. വാക്കുകൾകൊണ്ട് നമ്മൾ ഒരു കാര്യം പറയുന്നു. എന്നാൽ നമ്മുടെ തീരുമാനങ്ങളും യാഥാർഥ്യവും മറ്റൊരു കഥ പറയുന്നു. യഥാർഥത്തിൽ, "ഒഴിവാക്കപ്പെടലിന്റെയും മോശമായ പെരുമാറ്റത്തിന്റെയും അക്രമത്തിന്റെയും ഇരകളാകുന്ന സ്ത്രീകൾ ഇരുമടങ്ങ് ദരിദ്രരാണ്; കാരണം, മിക്കപ്പോഴും തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ അവർ പൂർണമായും പ്രാപ്തരല്ല." (അനന്ത മാഹാത്മ്യം No:44). "ഒരു രാജ്യത്തിന്റെ മഹത്വം അവിടുത്തെ സ്ത്രീകളോടുള്ള ബഹുമാനത്തിൽ നിന്ന് അളക്കാൻ കഴിയും." എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞതിനെയും ചേർത്തുവച്ചു വേണം സ്ത്രീകളോടുള്ള നമ്മുടെ സമീപനത്തെയും രാജ്യത്തിന്റെ മഹിമയെയും വിലയിരുത്താൻ. ●

## കെ.ആർ.എൽ.സി.ബി.സി
# ബി.ബി.സി. കമ്മീഷൻ വചസ്സ്

വിവക്ഷ - ജൂബിലികാലത്തെ ഉത്ഥാനതിരുനാൾ അനുഗ്രഹമാക്കി. വ്യക്തികളെ ലഹരിയിൽ നിന്നു മോചിപ്പിച്ചു കുടുംബങ്ങളെ സമാധാനത്തിന്റെ പെന്തക്കൊസ്തയ്ക്കൊരുക്കാം.

വിചാരം - മയക്കുമരുന്നുമായി ബന്ധപ്പെട്ട് അജപാലന മേഖലയിൽ എന്തു ചെയ്യണമെന്നും ചിന്തിക്കണമെന്നും പലപ്പോഴും ചോദ്യങ്ങൾ ചോദിക്കാറുണ്ട് പല ബിഷപ്പുമാരും, പുരോഹിതരും. വിശ്വാസികളായ സ്ത്രീപുരുഷന്മാരും ദുഃഖിതരായ മാതാപിതാക്കളും സ്വയം ചോദിക്കുന്നു. ക്രിസ്ത്യാനികൾ എന്ന നിലയിൽ മയക്കുമരുന്ന് പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിന് നമുക്ക് എന്തുചെയ്യാൻ കഴിയും, ഈ കൈപ്പുസ്തകം ഉപയോഗിച്ച് അജപാലനശുശ്രൂഷയ്ക്ക് സഹായകരമായേക്കാവുന്ന ചില നിർദ്ദേശങ്ങൾ നൽകുന്നതിനുപകരം ഒരു കൃത്യമായ ഉത്തരം നൽകുന്ന തായികരങ്ങൾ അവകാശപ്പെടുന്നില്ല. നിരവധി രീതികളുണ്ടെന്നും അജപാലന മേഖലയിൽ പൂർണ്ണമായും വിരോചിതമായും സമർപ്പിതരായ ആളുകളുടെ നിരവധി അനുഭവങ്ങളുണ്ടെന്നും ഞങ്ങൾക്കറിയാം.  മയക്കുമരുന്ന് ആസക്തി തടയുന്നതിനും ചികിത്സിക്കുന്നതിനും പ്രയോഗിക്കുന്ന രീതികൾ വേണ്ടവിധം പ്രകോപനമില്ലാത്തതെങ്കിലും വ്യത്യസ്തങ്ങളായ രീതികളെ ഞങ്ങൾ ബഹുമാനിക്കുന്നു.  ഒരു പുതിയ രീതി നിർദ്ദേശിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. മറിച്ച്  അജപാലന പ്രവർത്തനത്തിന് പ്രധാനമെന്ന് ഞങ്ങൾ കരുതുന്ന ചോദ്യങ്ങൾക്ക്. കൂടാതെ ഈ മേഖലയിൽ വളരെയധികം സമർപ്പണത്തിലൂടെയും കരുതലിലൂടെയും പ്രവർത്തിക്കുന്നവർക്കും ഇത് ഉപയോഗപ്രദമാകും. പൊന്തിഫിക്കൽ കൗൺസിലർ ഹെൽത്ത് കെയർ നവംബർ 1, 2001ന് പുറത്തിറക്കിയ ചർച്ച്  ഡ്രഗ്സ് & ഡ്രഗ്സ് അഡീക്ഷൻ എന്ന പാസ്റ്ററൽ ഹാൻഡ് ബുക്കിന്റെ ആമുഖത്തിലെ വാക്കുകളആണിത്. 1993ൽ തന്നെ പരിശുദ്ധ പിതാവ്  ജോൺപോൾ രണ്ടാമൻപാപ്പാ ഈ വിഷയത്തിനുള്ള സഭയുടെ  ഇടപെടലിനായ്  ഇതിനായുള്ള സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും ഇതിന്റെ ആമുഖത്തിൽ വ്യക്തമാക്കുന്നു. അഞ്ചധ്യായങ്ങളിലായി മയക്കുമരുന്നിന്റെയും മയക്കുമരുന്ന് ആസക്തിയുടെയും പ്രതിഭാസത്തെക്കുറിച്ചുള്ള ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ പ്രബോധനങ്ങളിൽ തുടങ്ങി വ്യക്തിയുടെ വിമോചനത്തിനായുള്ള രൂപപ്പെടേണ്ട അജപാല മനോഭാവങ്ങൾവരെ വളരെ സമഗ്രമായും വിശദമായും വിലയിരുത്തുന്നുണ്ട്.

തിരുസഭയുടെ ഇത്തരം പഠനങ്ങളും ഉപദേശങ്ങളും നമുക്കേറെപേർക്കും അന്യമാണെന്നത് സങ്കടകരമാണ്. കേരളത്തിലെ ലഹരിയുടെ അതിഭീകരവും ദാരുണവുമായ വ്യാപനത്തിനുമുന്നിൽ സഭ ഇപ്പോൾ മാത്രമെന്തെക്കയോ ചെയ്യുന്നെന്നോ ചെയ്യണമെന്നോ ഉള്ള ധാരണയാണ് പരക്കുന്നത്. മുൻകാരമങ്ങളിൽ മദ്യ-മയക്കമുരുന്നു മേഖലയിൽ പൊതു സമൂഹത്തിന്റെയും ഗവണമെന്റിന്റെയും തെറ്റാല നിലപാടുകൾക്കും നിയമങ്ങൾക്കുമെതിരായി സന്ധിയില്ലാത്ത ഇടപെടലുകളുടെ പേരിൽ പ്രതിക്കൂട്ടലിലായിട്ടുള്ള

സഭയെ എല്ലാവർക്കുമറിയാം. എന്നാൽ ലഹരിക്കെതിരായ നിലപാടുകളിൽ സഭയും വിശ്വാസസമൂഹവും കുറ്റകരമായ നിശബ്ദതയും നിസംഗതയും നിസഹായവസ്ഥയും ഇക്കാലയളവിൽ പുലർത്തിപോരുന്നുവോ എന്നത് വിലയിരുത്തപ്പെടണം വ്യക്തിയെ, കുടുംബത്തെ കൂട്ടായ്മയെ അതുവഴി നാടിനെ സംരക്ഷിക്കുന്നത് തപസ്സാചരണവും, പെസ്സഹാ-ഈസ്റ്ററാഘോഷങ്ങളും പെന്തക്കോസ്താക്കുള്ള ഒരുക്കവും പ്രയോജനപ്പെടുത്തി കൂട്ടായ്മയിൽ തീരുമാനങ്ങൾ നടപ്പിൽവരുത്തുക. മതബോധനം, സംഘടനകൾ ശുശ്രൂഷാസമിതികളെ ഉപയോഗിച്ചു ഹ്രസ്വകാലം,ദീർഘകാല പ്രവർത്തനങ്ങൾ ഗൗരവമായി ഏറ്റെടുക്കുക.

**ചർച്ച –** ലഹരിയെ നിർമാർജനം ചെയ്യുന്നതിൽ വീട്ടിലും കൂട്ടായ്മയിലും എന്തൊക്കെ ചെയ്യാനാകും.

**കർമം –** പൊതുസമൂഹത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ ജാഗ്രതാസമിതികൾ സജീവമാക്കി ആഘോഷങ്ങൾ നിയന്ത്രിക്കുക.

ഏപ്രിൽ 13 ഞായറാഴ്ച എല്ലാ കൂട്ടായ്മകളിലും ലഹരിയെ മാറ്റി നിർത്തിയുള്ള ഈസ്റ്ററാഘോഷ പ്രതിജ്ഞ എടുക്കുക.

---

# ക്രിസ്തു ജീവജലത്തിന്റെ ഉറവിടം

*തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റുനിന്നു ശബ്ദമുയർത്തിപ്പറഞ്ഞു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതു പോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും."* (യോഹ 7:37 & 38)

എഴുന്നേറ്റുനിന്ന്, ശബ്ദമുയർത്തിപ്പറഞ്ഞു എന്നത് എല്ലാവരും അത് തീർച്ചയായും കേൾക്കണം എന്ന് യേശുവിന് നിർബന്ധം ഉള്ളതുകൊണ്ടാണ്. നമ്മുടെ ദാഹം തീർക്കാൻ അവനുമാത്രമേ സാധിക്കൂ.

ക്രിസ്തു എന്റെ ദാഹം അകറ്റാൻ മതിയായവൻ ആണെന്നറിഞ്ഞിട്ടും ഞാൻ എന്തുകൊണ്ടാണ് മറ്റുള്ളവരെ അതിനായി സമീപിക്കുന്നത്? സ്രഷ്ടാവിനുമാത്രമെ സൃഷ്ടിയെ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയൂ.

ദാഹം തീർക്കാൻ ആഗ്രഹിക്കുന്നവൻ ക്രിസ്തുവിന്റെ അടുക്കലേക്ക് അണയേണ്ടതുണ്ട്. അത് ദാഹിക്കുന്നവന്റെ കടമയാണ്.

പൂർണ്ണമായ മനസ്സോടും സ്വാതന്ത്ര്യത്തോടും കൂടിയാണ് ഒരാൾ ക്രിസ്തുവിനെ തിരയേണ്ടത്. ആരുടെയെങ്കിലും നിർബന്ധമോ, പ്രേരണയോ അതിനു കാരണമാകരുത്.

ക്രിസ്തു ആത്മാവിനെ വർഷിക്കുന്നത് അത് തീവ്രമായി ആഗ്രഹിക്കുന്നവർക്കാണ്.

എനിക്ക് ഇതുവരെയും അത് ലഭിച്ചിട്ടില്ലെങ്കിൽ അതിനർത്ഥം ഞാൻ അത് ആഗ്രഹിക്കുന്നതിൽ മാന്ദ്യം ഉള്ളവനാണ് എന്നതാണ്.

ഫാ. സിജോ കണാംപുഴ ഒ.എം.

# പൈതൃക സംരക്ഷണം: പൂർവികരോടുള്ള ആദരവിന്റെ അടയാളം

സി. ജെനിൻ CSST

സ്മാരകങ്ങളുടെയും പാരമ്പര്യ ഇടങ്ങളുടെയും അന്താരാഷ്ട്ര ദിനമായി ലോക പൈതൃക ദിനം ആചരിക്കപ്പെടുന്നു. ഏപ്രിൽ 18 അന്തർദേശീയമായി ലോക പൈതൃക ദിനമായി ആഘോഷിക്കാൻ 1983 നവംബറിൽ യുനെസ്കോ തീരുമാനിച്ചു. പൈതൃക സ്ഥലം അടിസ്ഥാനപരമായി സാംസ്കാരിക പ്രാധാന്യമുള്ള ഒരു സ്ഥലമാണ്. പൈതൃക സംരക്ഷണം ആത്മാഭിമാനത്തിന്റെ അടയാളവും, പൂർവികരോടുള്ള ആദരവിന്റെ പ്രകടനവുമാണ്. കടന്നുകയറ്റത്തിനും മാറ്റങ്ങൾക്കും വിധേയമാക്കാതെ സാംസ്കാരിക പൈതൃകങ്ങളെ കാത്തു സൂക്ഷിക്കേണ്ട കടമ മാനവരാശിയുടെ താണ്. ലോകമെമ്പാടുമുള്ള ആളുകൾ എല്ലാ ദിവസവും സാംസ്കാരിക പൈതൃകം ആഘോഷിക്കുന്നു. അവർ ആരാണെന്നും എവിടെ നിന്ന് വന്നതെന്നും പ്രതിഫ ലിപ്പിക്കുന്ന രീതിയിൽ ജീവിതം നയിച്ചു കൊണ്ടാണ് അവരവരുടെ പൈതൃകം കാത്തു സൂക്ഷിക്കുന്നത്. അത് ഭാവി തലമുറയ്ക്കുള്ള മാതൃകയുടെ അടയാളമായി തീരുന്നു.ലോകത്തിലെ എല്ലാ സംസ്കാരങ്ങളെയും ആഘോഷിക്കാനും, പ്രധാനപ്പെട്ട സാംസ്കാരിക സ്മാരകങ്ങളെയും സ്ഥലങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കാനും, ലോക സംസ്കാരങ്ങൾ സംരക്ഷിക്കേണ്ട തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കാനും, ലോക പൈതൃക ദിനം നമ്മെ പ്രോത്സാഹിപ്പിക്കുന്നു. സാംസ്കാരിക പൈതൃകത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും,ഭാവി തലമുറയ്ക്കായി അത് സംരക്ഷിക്കുന്നതിനുമാ ണ് ഈ ദിനം ആഹ്വാനം ചെയ്യുന്നത്.

ഒരുവന്റെ അസ്തിത്വത്തിന്റെ വേരുകൾ തേടിയുള്ള യാത്രയാണ് പൈതൃക സംരക്ഷണം.

ലോകത്തിലെ ഏറ്റവും മനോഹരമായ ചില സ്ഥലങ്ങളും സാംസ്കാരിക സ്മാരകങ്ങളും ആചാര അനുഷ്ഠാനങ്ങളും ഭാവി തലമുറകൾക്കായി സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. നമ്മുടെ സമ്പന്നമായ ചരിത്രം ലോകമെമ്പാടുമുള്ള വിവിധ സംസ്കാരങ്ങളുടെ ഭംഗിക്കൂട്ടുന്ന തിന്റെ ഒരു ഓർമ്മപ്പെടുത്തലാണ് ഈ ദിനം.

പുരാതന സ്മാരകങ്ങളും കെട്ടിടങ്ങളും ലോകമെമ്പാടുമുള്ള നമുക്ക് ഒരു ആസ്തിയാണ്. ആ ആ സ്ഥി, വരുംവർഷങ്ങളിലും ആസ്തിയായി തുടരുമെന്ന ഉറപ്പാക്കാൻ അവ സംരക്ഷിക്കേണ്ടതുണ്ട്. അതിനാൽ ലോകമെമ്പാടുമുള്ള സമൂഹങ്ങളുടെ കൂട്ടായ പരിശ്രമത്തിൽ നാമും പങ്കുചേരുന്നു.

സഭയുടെയും,നമ്മുടെ നാടിന്റെ യും,നമ്മുടെ പൂർവികരുടെയും സ്മാര കങ്ങളും,സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശിക്കുകയും,

അതിന്റെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്.

പൈതൃകസ്ഥലങ്ങളുടെ സന്ദർശനം, അതുമായി ബന്ധപ്പെട്ട ദിനങ്ങളുടെ ആചരണം, കൂട്ടായ്മയുടെ രൂപീകരം ബോധവൽക്കരണ ക്ലാസ്സുകൾ, ആധുനിക ആശയവിനിമയ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തി അവയുടെ പ്രചരണം ഇവയെല്ലാം പൈതൃകസംരക്ഷണത്തിനായി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളാണ്.

കർമ്മലീത്ത മിഷനറി പാരമ്പര്യവും പൈതൃകവുംപേറുന്ന, ഭാഷയുടെയും, സംസ്കാരത്തിന്റെയും, ഭൂപ്രകൃതിയുടെയും വൈവിധ്യങ്ങളാലും, ചരിത്ര പ്രാധാന്യമുള്ള ഇടങ്ങളാലും സമ്പന്നമാണ് വിജയപുരം രൂപത. അതിന്റെ സമ്പന്നതയെ അടുത്തറിഞ്ഞ്,സംരക്ഷിച്ച്, വരും തലമുറയ്ക്ക് കൈമാറേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അതിനുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത്, പൂർവ്വികരോടുള്ള ആദരവിന്റെയും ആത്മാഭിമാനത്തിന്റെയും ഒരു ആഘോഷമാക്കാംനമുക്കീ പൈതൃകംദിനം.

ആദരാഞ്ജലികൾ



**റവ.ഫാ. സിബി മാണിക്കത്താൻ**
MSFS

ആദരാഞ്ജലികൾ



**ഒ.എം. ജോസ്**
സെന്റ് സേവിയേഴ്സ് കടന്നപ്പള്ളി

ആദരാഞ്ജലികൾ



**വടക്കൂട്ട് പൗലോസ്**
സെന്റ് മേരീസ്
എടക്കളത്തൂർ

ആദരാഞ്ജലികൾ



**ലൂസി ജോസഫ് (സൂസമ്മ)**

ആദരാഞ്ജലികൾ



**ഏലിക്കുട്ടി മാത്യു**
സെന്റ് ഇഗ്നേഷ്യസ് ചർച്ച്

# ഇടവക വാർത്തകൾ



കുറുമുള്ളൂർ സെന്റ് മേരീസ് ദൈവാലയത്തിൽ തിരുബാലസഖ്യദിനം ആഘോഷിച്ചു. അന്നേ ദിവസം വി. കുർബ്ബാനയ്ക്കും സൺഡേ സ്കൂൾ അസംബ്ലിക്കും നേതൃത്വം നൽകിയത് തിരുബാല സഖ്യത്തിലെ അംഗങ്ങളായിട്ടുള്ള കുട്ടികളായിരുന്നു. അസംബ്ലിക്കു ശേഷം ബഹു. വികാരി ആൽബർട്ട് കുമ്പളോലിൽ പതാക ഉയർത്തുകയും തുടർന്ന് തിരുബാല സഖ്യദിന റാലി നടത്തുകയും ചെയ്തു.

മതബോധന ക്ലാസുകൾക്കു ശേഷം തിരുബാല സഖ്യദിനാചരണത്തിന്റെ ഔദ്യോഗിക മീറ്റിംഗ് ചേർന്നു. അധ്യാപക പ്രതിനിധി ശ്രീമതി റോണ റോസ് തിരുബാലസഖ്യദിനത്തിന്റെ സന്ദേശം പങ്കുവച്ചു. സൺഡേ സ്കൂൾ എച്ച്.എം ജോസഫ് നെല്ലിത്താനം യോഗത്തിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് കുട്ടികൾ വിവിധ കലാപരിപാടികൾ

അവതരിപ്പിച്ചു. അൻസിൻ എബി ഇംഗ്ലീഷ് പ്രസംഗവും, ഷീയോൺ ബൈജു ഗാനവും, അൽഫോൻസ നൃത്തവും 2-ാം ക്ലാസ് വിദ്യാർത്ഥികൾ ആക്ഷൻ സോങ്ങും അവതരിപ്പിച്ചു. തിരുബാല സഖ്യത്തിന്റെ ആനിമേറ്റർ ശ്രീമതി ലതാ സുനിൽ യോഗത്തിൻ നന്ദി അർപ്പിച്ചു. കുട്ടികൾ എല്ലാവരും ചേർന്ന് തിരുബാലസഖ്യത്തിന്റെ ആന്തം ആലപിച്ചു.



2025 സാധാരണ ജൂബിലി വർഷത്തിൽ കുട്ടികളുടെ ജൂബിലിയുടെ ഭാഗമായി അധ്യാപകർ മതബോധന വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും കുട്ടികളുടെ ജീവിത സാഹചര്യങ്ങളും, പഠന കാര്യങ്ങളും നേരിട്ട് കണ്ട് മനസ്സിലാക്കുകയും ചെയ്തു. പിന്നീട് ക്ലാസടിസ്ഥാനത്തിൽ അധ്യാപകരും, കുട്ടികളും അവരുടെ മാതാപിതാക്കളും ചേർന്ന് ഭവനസന്ദർശന സമാപനം നടത്തുകയും ചെയ്തു.

തുടർന്ന് കുട്ടികളുടെ ജൂബിലിയുടെ സമാപനാഘോഷം ഫെബ്രുവരി 23 ഞായറാഴ്ച ഉച്ചയ്ക്ക് കുട്ടികളും മാതാപിതാക്കളും ഒരുമിച്ച് കുടുംബമായി പങ്കെടുത്ത് ഭക്തിപൂർവ്വം ആഘോഷിച്ചു. കുട്ടികളുടേയും മാതാപിതാക്കളുടെയും കുമ്പസാരവും കുട്ടികൾക്കു വേണ്ടി കൗൺസിലിംങ്ങും നടത്തപ്പെട്ടു. ഫാ. ലാലു തടത്തിലങ്കൽ (M.S.F.S. കാരിസ്ഭവൻ)ന്റെ നേതൃത്വത്തിൽ വചന സന്ദേശം, ആരാധന, തൈലാഭിഷേക ശുശ്രൂഷ, വി. കുർബാന എന്നിവ നടത്തപ്പെട്ടു. മാതാപിതാക്കളും കുട്ടുകളും ഒരുമിച്ചുള്ള ഈ ആഘോഷം സ്നേഹ വിരുന്നോടുകൂടി സമാപിച്ചു. പങ്കെടുത്ത എല്ലാവർക്കും ആത്മീയതയുടേയും അനുഗ്രഹത്തിന്റെയും അനുഭൂതി പകർന്നു നൽകുന്ന ഒരു പുത്തൻ അനുഭവമായി കുട്ടികളുടെ ജൂബിലി മാറി.



## യൂദിക്ക് നവോമി ഫോറം വാർഷികാഘോഷം

സെൻ്റ് സേവ്യേഴ്സ് ചർച്ച് കുറിച്ചി യൂണിറ്റ് യൂദിക്ക് നവോമി ഫോറം വാർഷികാഘോഷം 09-03-2025-ൽ യൂണിറ്റ് പ്രസിഡൻ്റ് ശ്രീമതി രാജമ്മ തോമസിൻ്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച മീറ്റിംഗിൽ ആനിമേറ്റർ റവ.സി. സൂസൻ BFTS സ്വാഗതം ആശംസിച്ചു. വാർഷികാഘോഷ പരിപാടിയുടെ ഉദ്ഘാടനം രൂപതാ ചാൻസിലർ മോൺ. ജോസ് നവസ് നിർവ്വഹിച്ചു. ബഹു. വികാരി റവ.ഫാ. ജോസഫ് തറയിൽ, രൂപതാ കോർഡിനേറ്റർ ശ്രീമതി ലൈലാമ്മ ജോൺ, പി.ഡി.സി. സെക്രട്ടറി ശ്രീ. ആൻ്റണി മൂന്നുമൂല, ചങ്ങനാശ്ശേരി രൂപതാ യൂണിറ്റ് കോർഡിനേറ്റർ ശ്രീമതി മെരിറ്റ എന്നിവർ ആശംസകളർപ്പ് സംസാരിച്ചു. ഖജാൻജി ശ്രീമതി സജിനി ഫിലിപ്പ് മീറ്റിംഗിൽ കൃതജ്ഞത യർപ്പിച്ചു. തുടർന്ന് അംഗങ്ങളുടെ വിവിധ കലാപരിപാടികൾ നടത്തി. 5.30 ന് വാർഷികാഘോഷ പരിപാടികൾ സമംഗളം സമാപിച്ചു.



ജൂബിലി വർഷാചരണം റാന്നി ലിറ്റിൽ ഫ്ലവർ ഇടവകയിൽ
സമൂഹ ബലിയോടെ ആഘോഷിച്ചപ്പോൾ





കേരള ലിറ്റൻ കാത്തലിക് ഹിസ്റ്ററി അസോസിയേഷൻ (KLC HA) തിരുവനന്തപുരം രൂപതാ ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ച സഭയിലെ ചരിത്രകാരന്മാരുടെയും എഴുത്തുകാരുടെയും സംഗമത്തോടനുബ ന്ധിച്ചു നടന്ന സ്വാതന്ത്ര്യ സമര സേനാനി ആനി മസ്ക്രീൻ അനുസ്മരണം ആർച്ചുബിഷപ്പ് റൈറ്റ് റവ.ഡോ.തോമസ്. ജെ. നെറ്റോ ഉദ്ഘാടനം ചെയ്തു. ബിഷപ്പ് റൈറ്റ് റവ.ഡോ. അലക്സ് വടക്കുംതല, മോൺ. യൂജിൻ പെരേര, ഡോ. ചാൾസ് ഡയസ്, റവ.ഡോ. ആന്റണി പാട്ടപറമ്പിൽ, ഫാ. സിൽവസ്റ്റർ കുരിശ്, ഇഗ്നേഷ്യസ് തോമസ്, ഡോ ബി. ശോഭനൻ, ഡോ. ഗ്രിഗറി പോൾ,അഡ്വ. ആനി മസ്ക്രീൻ ജൂണിയർതുടങ്ങിയവർ പ്രസംഗിച്ചു. മുൻ മന്ത്രി വി.എം സുധീരൻ ആനി മസ്ക്രീൻ അനുസ്മരണാ ഗ്രന്ഥം പ്രകാശനം ചെയ്തു.രണ്ടു ദിവസമായി നടന്ന സെമിനാറിൽ ആദ്യ ദിവസം സഭാചരിത്രത്തെക്കുറിച്ച് ചരിത്ര പണ്ഡിതന്മാർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ചരിത്ര രചനയെക്കുറിച്ചുള്ള ക്ലാസുകളും നടത്തപ്പെട്ടു. വിജയപുരം രൂപതയെ പ്രതിനിധീകരിച്ച്ജസ്റ്റിൻ ബ്രൂസ്, കെ.പി. ജോൺ എന്നിവർ ചരിത്ര സെമിനാറിൽ പങ്കെടുത്തു. 12 ലത്തീൻ കത്തോലിക്കാ രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ സെമിനാറിനെത്തിയിരുന്നു..



VFF preparation Thiruvalla forane at maramon



കണ്ണൂർ രൂപതയിലെ കെ.സി.വൈ.എം ചാലിൽ യൂണിറ്റ് ഫെബ്രുവരി 21 അന്താരാഷ്ട്ര മാതൃഭാഷാ ദിനവുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വിജയപുരം രൂപതയിലെ പ്രൊപ്പോസ് സെന്റ് ജോസഫ് ഇടവക അംഗമായ ലിജോ പുതുച്ചിറ എരുമേലിക്ക് അഭിനന്ദനങ്ങൾ.



പെരുവ സെന്റ് ഫ്രാൻസിസ് ഡി സാലസ് ഇടവകയിൽ കെസിവൈഎമ്മിന്റെയും പിഡിസിയുടെയും ആഭിമുഖ്യത്തിൽ വനിതാ ദിനാചരണം നടത്തി. വനിതാ ദിനാചരണത്തിന്റെ ഭാഗമായി സ്ത്രീ ശക്തികരണത്തെക്കുറിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ് സംഘടിപ്പിച്ചു. കെസിവൈഎം പ്രസിഡന്റ് ഹൃദ്യ മേരി റെജി അധ്യക്ഷത വഹിച്ച യോഗത്തിൽ ഇടവക വികാരി റവ ഫാ ലിനോസ് ബിവേര ആമുഖ സന്ദേശം നൽകി. വേളൂർ സീനിയർ സിവിൽ പോലീസ് ഓഫീസർ ശ്രീ ബിജു പി എസ് ക്ലാസുകൾ നയിച്ചു. ഇടവക സെക്രട്ടറി ശ്രീ ബാബു നെല്ലിക്കോട്ടിൽ, വെള്ളൂർ എസ് ഐ ശ്രീ എസ് ഐ എബി ജോസഫ്, ആശംസകൾ അറിയിച്ചു. പി ഡി സി സെക്രട്ടറി ശ്രീമതി സിന്ധു റെജി കൃതജ്ഞത അറിയിച്ചു.

# വിജയപുരം ചെറുപുഷ്പ മിഷൻ ലീഗ് ഡയറക്ടേഴേസ് സംഗമവും പ്രാർത്ഥനാ ദിനവും



മാർച്ച് 29ന് രാവിലെ 9:30 ആരാധനയോട് കൂടി വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് ആരംഭം കുറിച്ചു. രൂപതയിലെ 8 മേഖലയിൽ നിന്നുള്ള ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് ഓർഗനൈസസേഴ്സ് മീറ്റിംഗ് പങ്കെടുത്തു.

രൂപത ഡയറക്ടർ ഫാദർ മാത്യു ഒഴത്തിൽ മീറ്റിങ്ങിന് അധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് ജിയോ പിസ് ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന വൈസ് ഡയറക്ടർ സിസ്റ്റം മേരി ജൂലിയ സെക്രട്ടറി സിൻറാ ഡെന്നീസ് എന്നിവർ ആശംസകൾ അറിയിച്ച സംസാരിച്ചു.


പുതുതലമുറയ്ക്ക് ആത്മീയ സമ്പന്നത കൈവരിക്കുവാൻ ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കണമെന്ന് ചർച്ച ചെയ്തു. ഫാ. ജോർജ് പുത്തൻ പറമ്പിൽ, ഫാ. സെബാസ്റ്റ്യൻ തെക്കത്തെചേരിയിൽ, ഫാ. ആൽബർട്ട് കുമ്പളോലിയിൽ, ഫാ. ജോസഫ് മീനായികോടത്ത്, ഫാ. സേവിയർ മാമൂട്ടിൽ ഫാ.അരിസ്റ്റോട്ടിൽ. . വൈസ് ഡയറക്ടേഴ്സ് സിസ്റ്റർ മേരി സെററലാ DIH, സിസ്റ്റർ മേരി ജൂലിയDIH, സിസ്റ്റർ മേരി ജിയാന DIH, സിസ്റ്റർ സ്വപ്ന എന്നിവരും വിവിധ മേഖലകളിൽ നിന്നുള്ള മതബോധന സെക്രട്ടറിമാരും ഓർഗനൈസേഴ്സും സന്നിഹിതരായിരുന്നു.



National Christian Leaders' Conclave was held at Vimalagiri Pastoral Centre, Kottayam, on March 04, 2025 commemorating the 1700th Anniversary of the Nicene Creed.

The conclave, themed 'Unity of the Church and National Integration,' was inaugurated by His Excellency Dr. C. V. Ananda Bose, the Hon'ble Governor of West Bengal. The event featured insightful addresses from prominent leaders, including H.B. Major Archbishop Mar Raphael Thattil and H.H. Baselios Mar Thoma Mathews III, emphasizing the Church's role in fostering unity and addressing contemporary challenges.

Engaging with fellow leaders and sharing perspectives has been both enriching and inspiring. I look forward to continued collaboration in our shared mission to promote unity, integration, and support for all communities across our nation.




രൂപതയുടെ ആഭിമുഖ്യത്തിൽ പണികഴിപ്പിച്ച് കൊടുക്കുന്ന ഭവന നിർമ്മാണത്തിൽ സഹായിക്കാൻ പാമ്പനാർ തിരുഹൃദയ ദൈവാലയത്തിൽ എത്തിയ ആലുവ കാർമ്മൽഗിരി സെമിനാരിയിലെ രണ്ടാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ


വിജയപുരം രൂപതയിലെ കുട്ടികൾക്ക്
പഠനത്തോടൊപ്പം താമസ സൗകര്യവും
HOLY FAMILY
VIMALAHRUDHAYA STUDENTS RESIDEN
ഹോളിഫാമിലി
വിമലഹൃദയ
സ്റ്റുഡൻസ് റസിഡൻസ്, കഞ്ഞിക്കുഴി
പ്രവേശനം: 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന
ആൺകുട്ടികൾക്ക്
ആധുനിക പഠന സംവിധാനങ്ങൾ
മികച്ച നിലവാരമുള്ള താമസ സൗകര്യങ്ങൾ
കോട്ടയത്തെ മികവിന്റെ കേന്ദ്രമായ
ഹോളിഫാമിലി സ്കൂളിൽ പഠനം
വിദ്യാഭ്യാസ ഔൽസിക്യ പരിപാടി
മികച്ച അധ്യാപകരുടെ നേതൃത്വത്തിൽ
വ്യക്തിഗത ശ്രദ്ധ
സമൂഹത്തിലെ ഉന്നത തസ്തികകളിലേക്ക്
എത്തിപ്പെടാനുള്ള പരിശീലന പരിപാടികൾ
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു
വിമലഹൃദയ സ്റ്റുഡന്റ്സ് റസിഡൻസ്
അഡ്മിഷന് വിളിക്കുക
ഫാ. എഡ്വിൻ അഗസ്റ്റിൻ കടവന്ത്ര
ഡയറക്ടർ
ഫോൺ: 9495963199, 9447820245
സ്കൂൾ അഡ്മിഷന് വിളിക്കുക
ശ്രീ. ബിജു വി.എം.
9447660136
(ഹെഡ്മാസ്റ്റർ)
സി. മേരി ജ്യോതിസ്
ഡി. ഐ. എച്ച്
83040 47764

# വി.എസ്.എസ്.എസ്.
# വാർത്തകൾ



"***കോവിഡിനെ അതിജീവിച്ച അതേ മാതൃകയിൽ ലഹരി എന്ന പകർച്ചവ്യാധിക്കെതിരെ നമുക്ക് പോരാടേണ്ടിയിരിക്കുന്നു***" റൈറ്റ് റവ. ഡോ. ജസ്റ്റിൻ മഠത്തിപറമ്പിൽ, വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മുണ്ടക്കയം മേഖലാതല വനിതാദിനാഘോഷ പരിപാടികളിൽ അധ്യക്ഷത വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു വിജയപുരം രൂപതാ സഹായ മെത്രാൻ റൈറ്റ് റവ.ഡോ.ജസ്റ്റിൻ മഠത്തിപറമ്പിൽ. ദിനാഘോഷത്തോടനുബന്ധിച്ച് നടത്തിയ വനിതാദിന വിളംബര റാലി CSI ഹാൾ അങ്കണത്തിൽ നിന്നും മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കുമാരി രേഖ ദാസ് ഫ്ലാഗ് ഓഫ് ചെയ്തു. മുണ്ടക്കയം സെന്റ് മേരിസ് പാരിഷ് ഹാളിൽ എത്തിച്ചേർന്ന വിളംബര റാലിക്ക് ശേഷം നടന്ന പൊതുസമ്മേളനത്തിൽ വിജയ് ബാലവേദിയിലൂടെ വളർന്നുവന്ന വിജയപുരം രൂപതയുടെ അഭിമാനമായ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിലെ ഡോ. ആര്യ ജോയ് വനിതാദിനാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. എന്നെ ഞാൻ ആക്കി മാറ്റിയത് എന്റെ പ്രിയപ്പെട്ട ബാലവേദിയും VSSS ഉം ആണ് എന്ന് ഉദ്ഘാടനപ്രസംഗത്തിൽ ഡോ. ആര്യ ജോയ് പറയുകയുണ്ടായി. മുണ്ടക്കയം സെന്റ് മേരീസ് ചർച്ച് ക്വയറിന്റെ ഈശ്വര പ്രാർത്ഥനയോടെയാണ് മീറ്റിംഗ് ആരംഭിച്ചത്. പരിപാടിയിൽ സംയുക്ത പ്രസിഡന്റ് ശ്രീ.ഷിബു ജോസഫ്,ആനിമേറ്റേഴ്സ് പ്രതിനിധി ശ്രീമതി മറിയാമ്മ മാമ്മച്ചൻ, വാർഡ് മെമ്പർ ശ്രീമതി ലിസി ജിജി, സിസ്റ്റർ ഇവറ്റ് എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് 'ലിംഗ സമത്വം പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക 'എന്ന വിഷയത്തിൽ നടന്ന ക്ലാസ്സിന് സിസ്റ്റർ ജിജി പുല്ലാത്തിൽ നേതൃത്വം നൽകി. ക്ലാസിനു ശേഷം

നടന്ന വിവിധ കലാപരിപാടികളുടെ ഉദ്ഘാടനം VSSS കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഓഫീസർ ശ്രീ.ടി കെ രാജു നിർവഹിച്ചു. സംയുക്ത മേഖലാ സെക്രട്ടറി ശ്രീമതി ശൈലജ സാബു, ശ്രീമതി സൂസമ്മ വർഗീസ് മണ്ഡപത്തിൽ എന്നിവർ സംസാരിച്ചു. വിവിധ ഇടവകാ പ്രദേശങ്ങളിൽനിന്നും എത്തിയ SHG അംഗങ്ങളുടെ കലാപരിപാടികൾ സമ്മേളനത്തിന് കൂടുതൽ ശോഭ പകർന്നു.മേഖലയിലെ വൈദികരുടെ സാന്നിധ്യം റാലിക്കും സമ്മേളനത്തിനും കരുത്ത് നൽകി. പരിപാടികൾക്ക് ഇടവക വികാരി ഫാ. ടോം ജോസ് സ്വാഗതവും മേഖലാ ഡയറക്ടർ ഫാ.വർഗീസ് ആലുങ്കൽ നന്ദിയും രേഖപ്പെടുത്തി.

## വനിതാ ദിനം-തിരുവല്ല മേഖല



പ്രതിസന്ധികളെ ഭയക്കുകയല്ല ധൈര്യപൂർവ്വം തരണം ചെയ്യുന്നതിലാണ് സ്ത്രീകളുടെ കരുത്ത് പ്രകടമാക്കേണ്ടത് വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി നേതൃത്വം നൽകുന്ന വിജയ് സ്വാശ്രയ സംഘങ്ങളുടെയും ജനകീയ വികസന സമിതികളുടെയും സംയുക്താഭിമുഖ്യത്തിൽ പൂവം സെന്റ് ജോസഫ് പാരിഷ് ഹാളിൽ നടന്ന തിരുവല്ല മേഖലാ വനിതാദിനാചരണം ഉദ്ഘാടനം ചെയ്യവേ കോട്ടയം ജില്ലാ പഞ്ചായത്ത് വികസനകാര്യ വകുപ്പ് ചെയർപേഴ്സൺ ശ്രീമതി മഞ്ജു സുജിത് അഭിപ്രായപ്പെട്ടു. സൊസൈറ്റിയുടെ തിരുവല്ല മേഖല ഡയറക്ടർ ഫാ. മനോജ് ലോബോയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ചങ്ങനാശ്ശേരി എസ് ബി കോളേജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് പ്രൊഫസർ ജോളി കെ ജെയിംസ് വനിത ശക്തികരണ സന്ദേശം നൽകി. സമ്മേളനത്തിൽ വിദ്യാഭ്യാസ രാഷ്ട്രീയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതാ രത്നങ്ങളെ സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ലിനോസ് ബിവേര ഫലകങ്ങളും പൊന്നാടയും നൽകി ആദരിച്ചു. ബിരുദാനന്തര ബിരുദ പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ കുമാരി ഡോണ ഡെന്നി, ഉയർന്ന മാർക്കോടെ നിയമ ബിരുദം കരസ്ഥമാക്കിയ കുമാരി ഷെറിൻ ബിജു, രാഷ്ട്രീയ രംഗത്ത് മികച്ച പ്രവർത്തനം

കാഴ്ച വച്ചുകൊണ്ടിരിക്കുന്ന ശ്രീമതി എൽസി ക്രിസ്റ്റഫർ എന്നിവർ ഫല കങ്ങൾ ഏറ്റുവാങ്ങി. സമ്മേളനത്തിൽ പൂവം ഇടവക വികാരി ഫാദർ അലക്സ് കൊച്ചാട്ട്, ജനകീയ വികസന സമിതി മേഖല സെക്രട്ടറി ശ്രീ ഷാജി ജോസഫ്, നെടുമുടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി മിനി മന്മദൻ നായർ, കെഎൽ സി ഡബ്ലിയു എ മേഖല പ്രസിഡണ്ട് ശ്രീമതി ത്രേസ്യാമ്മ മാത്യു, എന്നിവർ ആശംസകൾ അർപ്പിച്ചു. യോഗത്തിന് മുന്നോടിയായി നടന്ന വിളംബര റാലി ചങ്ങനാശ്ശേരി വനിത സബ് ഇൻസ്പെക്ടർ ശ്രീമതി പ്രീതി ജി ഫ്ലാഗ് ഓഫ് ചെയ്തു. വനിതാദിന സമ്മേ ളനത്തിന് വർഗീസ് ആന്റണി സ്വാഗതവും ശ്രീമതി ലിസി പീറ്റർ നന്ദിയും പറഞ്ഞു. സമ്മേളനത്തിനുശേഷം വിവിധ സ്വയം സഹായ സംഘങ്ങളെ പ്രതിനിധീകരിച്ച് കലാപരിപാടികൾ അരങ്ങേറി.

## വനിതാ ദിനം-കോട്ടയം മേഖല



കോട്ടയം മേഖലയുടെ വനിതാദിനാഘോഷം കുറിച്ചി സെന്റ് സേവിയേ ഴ്സ് ഇടവകയിൽ നടന്നു. രാവിലെ 9 മണിക്ക് കുറിച്ചി മന്ദിരം കവലയിൽ ആരംഭിച്ച വിളംബരറാലി കുറിച്ചി നാലാം വാർഡ് പഞ്ചായത്ത് മെമ്പർ പ്രീതാ കുമാരി ഫ്ലാഗ്ഓഫ് ചെയ്തു. തുടർന്ന് നടന്ന പൊതുസമ്മേളനം ബഹു : ചങ്ങനാശ്ശേരി എം എൽ എ അഡ്വക്കേറ്റ് ജോബ് മൈക്കിൾ ഉൽ ഘാടനം ചെയ്തു. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി എക്സി ക്യൂട്ടീവ് ഡയറക്ടർ ഫാദർ അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കണക്കാരി സി എസ് ഐ കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ് വൈസ് പ്രിൻസിപ്പൽ ഡോക്ടർ ജെയ്സി കരിങ്ങാട്ടിൽ മുഖ്യ സന്ദേശം നൽകി. കലാ, കായിക, സമൂഹ്യ രംഗത്ത് മികവ് തെളിയി ച്ച വനിതകൾക്കുള്ള ആദരവ് കുറിച്ചി പഞ്ചായത്ത് പ്രസിഡന്റ് സുജാത സുശീലൻ നിർവ്വഹിച്ചു. കേന്ദ്ര സർക്കാരിന്റെ ജൻശിക്ഷൻ സൻസ്ഥാൻ പദ്ധതിയിലൂടെ തയ്യൽ പരിശീലനം പൂർത്തിയാക്കിയ 21 വനിതകൾക്ക് സർട്ടിഫിക്കറ്റുകൾ കുറിച്ചി നാലാം വാർഡ് മെമ്പർ പ്രശാന്ത് മാനംതാ നത്ത് വിതരണം ചെയ്തു. വിജയപുരം സോഷ്യൽ സർവീസ് സൊസൈ റ്റിയുടെ സ്വയം സഹായസംഘങ്ങൾക്കു വേണ്ടി നിർമ്മിച്ച പ്രാർത്ഥ നാഗാനത്തിന്റെ പ്രകാശന കർമ്മം വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ. അഗസ്റ്റിൻ ബിനോയ്

മേച്ചേരിൽ നിർവഹിച്ചു. കോട്ടയം മേഖല ഡയറക്ടർ ഫാദർ. ജോസഫ് തറയിൽ, സംയോജിത പ്രസിഡന്റ് ജോസഫ് മാത്യു, ഗവണിംഗ് ബോഡി മെമ്പർ ലൈലാമ്മ ജോൺ, ആന്റണി മൂന്നു മൂലയിൽ, ജോജി ജോസഫ്, മിനി വിനോദ്, പ്രമീലാ ജോർജ്  എന്നിവർ പ്രസംഗിച്ചു.തുടർന്ന് സ്വയം സഹായ അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ നടന്നു.



ലോക ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും കോട്ടയം മെഡിക്കൽ കോളേജിന്റെയും ജില്ലാ അന്ധതാ നിവാരണ സമിതിയുടെയും നേതൃത്വത്തിൽ വാഴൂർ മൗണ്ട് കാർമ്മൽ ഇടവകയിൽ വച്ച് നടത്തിയ നേത്ര പരിശോധന ക്യാമ്പ്, VSSS എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ  ഉദ്ഘാടനം ചെയ്തു. ഇടവക സമിതി സെക്രട്ടറി ശ്രീ സണ്ണി മുതുകാട്ടിൽപുറത്ത് അധ്യക്ഷത വഹിച്ചു.ജില്ലാ നേത്ര വിഭാഗം മേധാവി ഡോ.ൻ എൻ വിജയമ്മ  ഗ്ലോക്കോമയെ കുറിച്ച് ക്ലാസ് നയിച്ചു. പരിപാടികൾക്ക് സിസ്റ്റർ വത്സമ്മ, CDO ശ്രീ. T K രാജു, ആനിമേറ്റർ ശ്രീമതി വത്സമ്മ തോമസ് എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ 120 പേർ പങ്കെടുത്തിരുന്നു.

**ആശാകിരണം രോഗിസഹായനിധിയിലേക്ക് വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ച് വി എസ് എസ് എസിൽ നൽകിയ തുകയും  ചികിത്സ സഹായം നൽകിയ തുകയും.**

| | |
|---|---|
| തെള്ളകം | – 4260 |
| ആണ്ടൂർ | – 5000 |
| വെട്ടിമുകൾ | – 2000 |
| വനവാതുക്കര | – 2000 |
| കുന്നുംഭാഗം | – 2000 |

**ചികിത്സ സഹായം നൽകിയത്**

പട്ടിത്താനം  – 10000


സഹായം ആവശ്യപ്പെട്ട മറ്റുള്ളവർക്ക് – 3000



# അഭിവന്ദ്യ പിതാവിന്റെ

## ഏപ്രിൽ മാസ പരിപാടികൾ

| | | |
|---|---|---|
| 1 – 04 – 2025 | – | ദിവ്യബലി, സെന്റ് ആന്റണിസ്, നാഗമ്പടം |
| 02 – 04 – 2025 | – | റിലീജിയസ് സുപീരിയസ് മീറ്റിംഗ്, വിമലഗിരി കത്തീഡ്രൽ |
| 03 – 04 – 2025 | – | മേജർ സെമിനാരി വിദ്യാർത്ഥികളുമായി മീറ്റിംഗ്, മൂന്നാർ |
| 06 – 04 – 2025 | – | കോട്ടയം ബൈബിൾ കൺവെൻഷൻ, ദിവ്യബലി |
| 09 – 04 – 2025 | – | കെ.ആർ.എൽ.സി.സി, എറണാകുളം |
| 13 – 04 – 2025 | – | കുരുത്തോല ഞായർ – വിമലഗിരി |
| 16 – 04 – 2025 | – | തൈല പരികർമ്മപൂജ |
| 17 – 04 – 2025 | – | പെസഹാ വ്യാഴം ശുശ്രൂഷ, വിമലഗിരി കത്തീഡ്രൽ |
| 18 – 04 – 2025 | – | ദുഃഖവെള്ളി ശുശ്രൂഷ, വിമലഗിരി കത്തീഡ്രൽ |
| 19 – 04 – 2025 | – | പെസഹാജാഗരപൂജ, വിമലഗിരി കത്തീഡ്രൽ |
| 20 – 04 – 2025 | – | ഈസ്റ്റർ |
| 21 – 04 – 2025 | – | ജ്ഞാന സ്നാനം |
| 26 – 04 – 2025 | – | ദേവാലയ വെഞ്ചരിപ്പ്, വനവാതുക്കര |
| 28 – 04 – 2025 | – | വിവാഹ ആശിർവാദം, പൊതി സെന്റ് മൈക്കിൾസ് ദൈവാലയം |



ഏപ്രിൽ 06 ന്

ജന്മദിനം ആഘോഷിക്കുന്ന

**ബിഷപ്പ് ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ**

പിതാവിന്

**പ്രാർത്ഥനാശംസകൾ !**